

VOL NO: 07 I ISSUE 11
www.nerpatham.com
mail@nerpatham.com
2023 MARCH 18 I ₹10

# നേർപഥം

വാരിക

# റമദാനിനെ വരവേൽക്കുമ്പോൾ

നാട് ലിബറലിസത്തിലേക്ക് കയറു പൊട്ടിച്ചോടിയ വർഷമാണ് കടന്നുപോയത്. സാധാരണക്കാരടക്കം അതിരുകളില്ലാത്ത ആനന്ദമാഘോഷിക്കാൻ തെരുവിലിറങ്ങിയതിന് കേരളം സാക്ഷിയായി. സ്വാതന്ത്ര്യത്തിന് നിർവചനം നൽകുന്നിടത്ത് ഭരണകൂടത്തിന് പോലും പിഴച്ചതും നാം കണ്ടു. വിശ്വാസികളെന്ന് നടിച്ചവരുടെ തനിനിറം പലപ്പോഴായി ഈ സത്യാനന്തരകാലത്ത് പുറത്തുവന്നു. റമദാൻ സമാഗതമാവുകയാണ്. തിരുത്താനും തിരുത്തപ്പെടാനും നോമ്പിനോളം സാധ്യതയുള്ള മറ്റൊരു നാളും വരാനില്ല. നിഷ്കളങ്ക മനസ്സോടെ റമദാനിനെ വരവേൽക്കാം നമുക്ക്.

## ശരീഅത്തും ഒരു സർവവേദ സത്യവാദിയുടെ വിവരക്കേടും

- || മാതാപിതാക്കൾ; തണൽമരങ്ങൾ
- || നിയമം നടപ്പാക്കൽ ശക്തമാക്കണം
- || വേനൽക്കാലം; വേണം ചില കരുതലുകൾ

സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്



**Enrol Now!**

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

**CONTACT US**
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0321

# നേർപഥം

വാരിക

2023 മാർച്ച് 18
1444 ശഅ്ബാൻ 25
പുസ്തകം 07 / ലക്കം 11






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
റമദാനിനെ വരവേൽക്കുമ്പോൾ
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

മുഖമൊഴി
05 നിയമം നടപ്പാക്കൽ ശക്തമാക്കണം

ഹദീസ് പാഠം
23 സ്വർഗനരകങ്ങളുടെ സവിശേഷത
ഇബ്റാഹീം ഇബ്നു മൂസ

ലേഖനം
06 ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും പരിഹാസ്യരാകുന്ന വിമർശകരും
മൂസ സ്വലാഹി കാര

വിമർശനം
26 ശരീഅത്തും ഒരു സർവവേദ സത്യവാദിയുടെ വിവരക്കേടും
അബ്ദുൽ മാലിക് സലഫി

വനിതാപഥം
17 മാതാപിതാക്കൾ; തണൽമരങ്ങൾ
ആശിഖ നടുവട്ടം

ക്വുർആൻ ദർശനം
29 സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
18 പരിഷ്കർത്താവോ മസീഹോ?
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

പാരന്റിംഗ്
31 ലൈംഗിക വളർച്ചയും സംസ്കരണവഴികളും
അശ്റഫ് എകരൂൽ

കാഴ്ച
22 ആയുസ്സിനുണ്ടോ ഗ്യാരന്റി?
ഇബ്നു അലി എടത്തനാട്ടുകര

ആരോഗ്യപഥം
34 വേനൽക്കാലം; വേണം ചില കരുതലുകൾ
ഡോ. യാസ്മിൻ എം അബ്ബാസ്



## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

# ഉത്തരമേഖല ഓറിയന്റേഷൻ ക്യാമ്പ് സമാപിച്ചു

കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിൽനിന്നുള്ള ഭാരവാഹികളെയും മണ്ഡലം സെക്രട്ടറി പ്രസിഡന്റു മാരെയും പങ്കെടുപ്പിച്ചുകൊണ്ട് മാർച്ച് 12ന് കോഴിക്കോട് എം.എസ്.എസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ഓറിയന്റേഷൻ ക്യാമ്പ് ഇസ്‌ലാമിക പ്രബോധന പ്രവർത്തന മേഖലയിൽ പുതിയ വാതായനങ്ങൾ തുറന്ന് പ്രതീക്ഷാനിർഭരമായി സമാപിച്ചു.

സമുദായത്തിൽ നിലനിൽക്കുന്ന ആശയപരമായ വ്യത്യാസങ്ങളുടെ അടിത്തറയും അഹ്‌ലു സ്സുന്നയുടെ വ്യതിരിക്തതയും വിവരിച്ചുകൊണ്ട് സരളമായും പണ്ഡിതോചിതമായും ഫൈസൽ മൗലവി നടത്തിയ വൈജ്ഞാനിക ഭാഷണം ഈമാനികമായും ആദർശപരമായും ആവേശം നൽകുന്നതായിരുന്നു. യഥാർഥ ആദർശവും നിലപാടുമാണ് വിശ്വാസികളെ മുന്നോട്ട് നയിക്കുകയെന്ന സലഫുകളുടെ ജീവിതാനുഭവങ്ങളെ വിശദീകരിച്ച് കൊണ്ടു സംസാരമവസാനിപ്പിക്കുമ്പോൾ തൗഹീദീ മുന്നേറ്റത്തിന് വലിയ ഊർജമാണ് സമ്മാനിച്ചത്. സംസാരശേഷം സദസ്സും പ്രസീഡിയവും തമ്മിൽ നടന്ന ആശയ വിനിമയം ഹൃദ്യമായി.

യഥാർഥ മുവഹിദുകൾക്കെതിരെ ശിർക്കാരോപിച്ചവർ ഇപ്പോൾ അനുഭവിക്കുന്ന ആശയ വൈരുധ്യങ്ങളും അപമാനവും ലഘുവായ ഭാഷയിൽ വിശദീകരിച്ചുകൊണ്ട് ഹാരിസ് ബിൻ സലീം സംസാരിച്ചു. ജില്ലകളിൽ വ്യത്യസ്ത വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർക്കായി ഒരുക്കിയ പ്രത്യേക കൂടിയിരുത്തവും പ്രവർത്തനപഥങ്ങളെ കുറിച്ചുള്ള ചർച്ചയും പ്രബോധന വഴിത്താരയിൽ വലിയ പ്രതീക്ഷയ്ക്ക് വക നൽകുന്നതായി.

ഭാരവാഹിത്വം ഭാരമാകാതിരിക്കാനുള്ള കരുതൽ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് സംസാരിച്ചു. തൊഴിൽ, കുടുംബം, പൊതുപ്രവർത്തനം എന്നിവയും ഭാരവാഹിത്വവും ചിട്ടപ്പെടുത്തി അവധാനതയോടെ നിർവഹിക്കാനുള്ള മാർഗങ്ങൾ പങ്കുവച്ചത് പ്രവർത്തകർക്ക് പ്രായോഗിക പാഠങ്ങൾ പകർന്ന് നൽകുന്നതായി.

പ്രവർത്തനങ്ങളുടെ വ്യത്യസ്ത തലങ്ങളും രീതികളും കൃത്യമായി ബോധ്യപ്പെടുത്തിയ ക്യാമ്പിൽ നിന്നിറങ്ങുമ്പോൾ പരലോക മോക്ഷമാണ് ആത്യന്തിക ലക്ഷ്യമെന്ന് വിശദീകരിച്ചുകൊണ്ട് നാസിർ ബാലുശ്ശേരി നടത്തിയ ഉൽബോധന സംസാരം മുന്നോട്ടുള്ള ഗമനത്തിന് ഊർജം പകരുന്നതായിരുന്നു. സംസ്ഥാന ട്രഷറർ കെ. സജ്ജാദ് വകുപ്പ് യോഗങ്ങൾ ഓർമപ്പെടുത്തി, റഷീദ് കൊടക്കാട്ട് നന്ദി പറഞ്ഞു. ദക്ഷിണമേഖല ഓറിയന്റേഷൻ ക്യാമ്പ് മാർച്ച് 19ന് എറണാകുളത്ത് നടക്കും.

## അനന്തരസ്വത്ത്: വിവാദത്തിന് വിവേകത്തിന്റെ തിരുത്ത്

# ധൈഷണിക സംവാദം ശ്രദ്ധേയമായി

കോഴിക്കോട്: അനന്തരസ്വത്ത് വിഷയത്തിൽ ചിലർ ബോധപൂർവം ഉണ്ടാക്കിയ വിവാദങ്ങൾക്ക് വിവേകത്തിന്റെ വഴിയിൽ എങ്ങനെ പ്രതികരിക്കാമെന്നതിന്റെ ഉത്തമ മാതൃകയായിരുന്നു 'ശരീഅത്ത് തിരുത്തണമെന്നോ?' എന്ന വിഷയത്തിൽ കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വിസ്ഡം യൂത്ത് സംഘടിപ്പിച്ച ധൈഷണിക സംവാദം.

ശരീഅത്തിന് നേരെ വിമർശനം ഉന്നയിക്കുന്നവരോട് മുസ്‌ലിം സമുദായം വൈകാരികമായി പ്രതികരിക്കുമെന്ന മുൻവിധി മുന്നിൽവച്ചാണ് അനന്തരസ്വത്ത് വിവാദത്തിന് വിമർശകർ തിരികൊളുത്തിയത്. വിവാദത്തിന് കാരണക്കാരനായ വ്യക്തിയുടെ വീടിന് പോലീസ് സംരക്ഷണം ഒരുക്കിയ വാർത്തകൾവരെ വന്നത് ഇതിന്റെ തെളിവാണ്.

മുസ്‌ലിം പക്ഷത്തുനിന്ന് വൈകാരികതക്കപ്പുറം വിവേകത്തിന്റെ വഴിയിൽ ശരീഅത്ത് വിഷയത്തെ തെറ്റിദ്ധരിച്ചവരോട് വസ്തുനിഷ്ഠമായി സംവദിക്കുന്ന ശൈലിയാണ് വിസ്ഡം യൂത്ത് സ്വീകരിച്ചത്. മറ്റു മുസ്‌ലിം പ്ലാറ്റ്ഫോമുകളിൽ വരുംദിവസങ്ങളിൽ നടക്കാനിരിക്കുന്ന ശരീഅത്ത് ചർച്ചകളുടെയും പരിപാടികളുടെയും ദിശ തിരിക്കുന്നതിൽ വിസ്ഡം യൂത്തിന്റെ ഈ വിഷയത്തിലുള്ള ഇടപെടൽ സഹായകമാകുമെന്ന് ഉറപ്പാണ്.

# നിയമം നടപ്പാക്കൽ ശക്തമാക്കണം

മനുഷ്യൻ പുരോഗതിയുടെ പാതയിൽ മുന്നേറുമ്പോഴും കുറ്റവാളികൾ വർധിച്ചുകൊണ്ടിരിക്കുകയല്ലാതെ കുറയുന്നില്ല. കുറ്റകൃത്യങ്ങൾ ചെയ്യുന്നതിലും 'പുരോഗതി' കൈവരിക്കുന്നു എന്നർഥം! കുറ്റവാളികളെ പിടുകൂടുവാൻ നിയമപാലകരുണ്ട്. പ്രത്യേക കുറ്റാന്വേഷണ വിഭാഗങ്ങളുണ്ട്. കോടതിയും വക്കീലുമാരും ജഡ്ജിമാരുമുണ്ട്. കനപ്പെട്ട നിയമപുസ്തകങ്ങളുണ്ട്. പക്ഷേ, കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നില്ല. ഏതാനും വർഷങ്ങൾ ജയിലിൽ സുഖവാസം. അവിടെയും പണിയെടുക്കാം. ചെറിയ വരുമാനമുണ്ടാക്കാം. കാലാവധി തീരുമ്പോൾ പുറത്തുവരാം. മുമ്പത്തേതിനെക്കാൾ വലിയ കുറ്റവാളിയായി മാറാനുള്ള പരിശീലനം സഹതടവുകാരിൽനിന്നു കിട്ടിയതിനാൽ പിന്നെ കൊടും കുറ്റവാളിയായി വിലസുന്നു. സമർഥനായ വക്കീലും കൈയിൽ കാശുമുണ്ടെങ്കിൽ കേസിൽനിന്ന് രക്ഷപ്പെടാം. രാഷ്ട്രീയത്തിൽ പിടിപാടുണ്ടെങ്കിൽ വലിയ കുറ്റം ചെയ്താലും ജാമ്യം ലഭിക്കാവുന്ന ചെറിയ വകുപ്പുകൾ മാത്രം ചുമത്തി എഫ്ഐആർ രേഖപ്പെടുത്തി രക്ഷയുടെ വഴിതുറക്കാൻ പൊലീസുകാരുണ്ടാകും. ഇതൊക്കെയാണ് നമ്മുടെ നാട്ടിലെ പൊതുവായ അവസ്ഥ.

ശിക്ഷ നടപ്പാക്കുന്നില്ല എന്നത് കുറ്റകൃത്യങ്ങൾ വർധിക്കാൻ കാരണമാകുന്നു എന്നതിൽ സംശയമില്ല. ചില കുറ്റങ്ങളിലെങ്കിലും വ്യക്തിപരമായ ശിക്ഷകൾ ശാശ്വത പരിഹാരമല്ല. കാരണം കുറ്റങ്ങളുടെ വേരുകൾ ചിലപ്പോഴെങ്കിലും സമൂഹത്തിലേക്ക് വ്യാപിക്കുന്നുണ്ട്. സമൂഹത്തിലെ വലിയൊരു വിഭാഗം ഏതെങ്കിലും തരത്തിൽ അസംതൃപ്തരാകുമ്പോൾ അവിടെ കുറ്റവാളികൾ സൃഷ്ടിക്കപ്പെടുന്നു എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. സാമൂഹിക കാരണങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന കുറ്റത്തിലും ശിക്ഷ കുറ്റം ചെയ്തവരിൽ മാത്രമായി ഒതുക്കി നിയമവും ഭരണകൂടവും രക്ഷപ്പെടുന്ന കാഴ്ചയാണ് ലോകത്തെമ്പാടും കാണുന്നത്.

ഡൽഹിയിലെ വളരെ പ്രമാദമായ കൂട്ടബലാൽസംഗ കേസിൽ എന്ത് ശിക്ഷ നൽകണമെന്ന ചർച്ച രാജ്യത്ത് സജീവമായിരുന്നു. വധശിക്ഷയിൽ കുറഞ്ഞ ഒരു ശിക്ഷയും പാടില്ലെന്ന് ഒരു വിഭാഗം വാദിച്ചു. രാസവസ്തുക്കൾ ഉപയോഗിച്ച് ലൈംഗിക ശേഷി നശിപ്പിക്കുന്നത് അടക്കമുള്ള ശിക്ഷകൾ മറ്റൊരു വിഭാഗം മുന്നോട്ട് വച്ചു. ഇത്തരക്കാരെ നടുറോഡിൽ വിചാരണ ചെയ്ത് കല്ലെറിഞ്ഞ് കൊല്ലണമെന്ന് അഭിപ്രായമുള്ളവരും കുറവല്ല. ഡൽഹി സംഭവം സമൂഹത്തിൽ ഉണ്ടാക്കിയ ഭീതിയുടെയും അരക്ഷിതബോധത്തിന്റെയും പ്രതികരണങ്ങളായിരുന്നു ഇവ.

ശക്തമായ നിയമങ്ങൾ ഉണ്ടായാൽ മാത്രം പോരാ, അവ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളും വേണം. എങ്കിൽ മാത്രമെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയാൻ കഴിയൂ. ഇന്ത്യയിൽ ബലാൽസംഗ കേസിൽ അന്തിമവിധി വരാൻ പതിനഞ്ചോ ഇരുപതോ വർഷമെങ്കിലും എടുക്കുമെന്നതാണ് അവസ്ഥ. ഈ സ്ഥിതിയാണ് ആദ്യം മാറേണ്ടത്.

ബസിലും മറ്റും വെച്ച് പുരുഷന്മാർ സ്ത്രീകളിൽ നടത്തുന്ന 'തോണ്ടലും മാന്തലു'മൊന്നും കേസ് ആകാത്തത് പലർക്കും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിന് പ്രോൽസാഹനമായി മാറുന്നുണ്ട്. ഇത്തരക്കാരെ തുടക്കത്തിലേ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിച്ചാൽ ബലാൽസംഗ വീരൻമാർ ഉണ്ടാകുന്നത് ഒരുപരിധിവരെ തടയാൻ കഴിയും. ഇത്തരം സംഭവങ്ങൾ പൊലീസിൽ അറിയിക്കാൻ പെൺകുട്ടികൾക്ക് ധൈര്യമുണ്ടാകണം.

ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ എത്രയോ പേർ പിടിയിലാകുന്നുണ്ട്. അതിക്രൂരമായ കൊലപാതകം നടത്തുന്നവരുണ്ട്. പിടികൂടപ്പെട്ടവർ ജയിലിലാകുന്നു. വിചാരണ അനന്തമായി അങ്ങനെ നീണ്ടു നീണ്ടുപോകുന്നു...സാക്ഷികൾ കൂറുമാറുന്നു. തൊണ്ടിമുതലുകൾ പെട്ടെന്നൊരു നാൾ കാണാതാകുന്നു, അല്ലെങ്കിൽ നശിച്ചുപോകുന്നു. ഒടുവിൽ 'തെളിവിന്റെ അഭാവത്തിൽ' പ്രതിയെ വെറുതെ വിടുന്നു...ഈ അവസ്ഥ മാറണം, കുറ്റവാളികൾ കാലവിളംബം കൂടാതെ മാതൃകാപരമായി ശിക്ഷിക്കപ്പെടണം. ശിക്ഷ ഉറപ്പാണെന്ന ബോധം കുറ്റകൃത്യങ്ങളിൽനിന്ന് ചിലരെയെങ്കിലും പിന്തിപ്പിക്കാതിരിക്കില്ല. ഒരു നിരപരാധിയും ശിക്ഷിക്കപ്പെടാനും പാടില്ല.




# ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യയും പരിഹാസ്യരാകുന്ന വിമർശകരും

1


മൂസ സ്വലാഹി കാര
:97473 45768


ഇസ്‌ലാമിക രംഗത്തെ വൈജ്ഞാനിക മുന്നേറ്റത്തിനും സാമൂഹിക, സാംസ്‌കാരിക ഉന്നമനത്തിനും ഇടവിടാതെ പ്രയത്‌നിച്ച പണ്ഡിതനാണ് ഇബ്‌നു തൈമിയ്യ (റഹി). സമൂഹത്തെ മരവിപ്പിക്കുന്ന അന്ധവിശ്വാസങ്ങളെ ഉന്മൂലനം ചെയ്യാൻ നിസ്തുലമായ സേവനമാണ് ഇമാം നിർവഹിച്ചിട്ടുള്ളത്. ആക്ഷേപങ്ങൾകൊണ്ട് ഇമാമിനെ തടയാനും തളച്ചിടാനും ശ്രമിച്ചവർ അദ്ദേഹത്തിന്റെ ആദർശപരമായ കരുത്തിനും പ്രമാണ നിലപാടുകൾക്കും മുമ്പിൽ എന്നും അടിപതറിയിട്ടുണ്ട്.

ശിയാക്കൾ ഇബ്‌നു തൈമിയ്യ(റ)യെ കുറ്റപ്പെടുത്താൻ ഉപയോഗിച്ച ദുർബലമായ ആയുധങ്ങൾ അപ്പടി എടുത്ത് ഉപയോഗിക്കുന്ന വൃഥാശ്രമമാണ് സമസ്തയിലെ പുരോഹിതന്മാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഒരു ഉദാഹരണമാണ് 2023 ജനുവരി രണ്ടാം ലക്കം സുന്നിവോയ്‌സിൽ എഴുതിവിട്ട വിമർശന ലേഖനം. അതിൽ ഒരു മുസ്‌ലിയാർ എഴുതുന്നു:

“തൗഹീദിനെ വിഭജിച്ചുകൊണ്ടാണ് അദ്ദേഹം പ്രവർത്തനമാരംഭിക്കുന്നത്. തൗഹീദും ശിർക്കും റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത് എന്നിങ്ങനെ രണ്ടു വിധമുണ്ടെന്ന് അദ്ദേഹം വാദിച്ചു. റബ്ബ് അല്ലാഹുവാണെന്നതിൽ പൂർവകാല മുശ്‌രിക്കുകളും സുന്നികളും ഒരേ വിശ്വാസക്കാരാണ്. ഇത് തൗഹീദ് റുബൂബിയ്യത്ത്. എന്നാൽ ആരാധനയുടെ വിഷയത്തിൽ അല്ലാഹുവിനോട് കൂടെ മറ്റു വസ്തുക്കളെ മക്കക്കാർ ശിർക്കുവെച്ചിരുന്നു. ഇത് ഉലൂഹിയ്യത്തിലുള്ള ശിർക്കാണ്. മരിച്ചുപോയ മഹാത്മാക്കളോട്


സഹായം ചോദിക്കുന്ന പരകോടി മുസ്‌ലിംകളും ഇങ്ങനെ ഉലൂഹിയ്യത്തിൽ ശിർക്ക് വെക്കുന്നവരായതിനാൽ അവരും മുശ്‌രിക്കുകളാണെന്നാണ് ഈ വാദത്തിന്റെ സംക്ഷിപ്തം. (ഇഖ്ത്തിളാഹു സ്വിറാത്തുൽ മുസ്തഖീം, പേജ് 473)" (പേജ് 9).

അല്ലാഹു രക്ഷിതാവാണ്, ആരാധ്യനാണ്, അവന് ഉത്കൃഷ്ട നാമങ്ങളും മഹത്തായ വിശേഷണങ്ങളുമുണ്ട്. ഇത് തൗഹീദിന്റെ മൂന്ന് ഇനങ്ങളാണ്. ഇത് മുസ്‌ലിയാക്കന്മാർക്ക് പുതുമയായി തോന്നുന്നത് ഒരുപക്ഷേ, ഓരോ തലമുറയിലെയും പണ്ഡിതന്മാർ പ്രമാണങ്ങളുടെ വെളിച്ചത്തിൽ തൗഹീദിനെ ഈ രൂപത്തിൽ വിശദീകരിച്ചത് വേണ്ടത്ര വായിച്ച് പഠിക്കാത്തതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ തങ്ങളുടെ പിഴച്ചവാദങ്ങളെ സംരക്ഷിക്കാനുള്ള പാഴ്ശ്രമമായിരിക്കാം. വിശുദ്ധ ക്വുർആനും നബി വചനങ്ങളും ഏറെ ഊന്നൽ നൽകിയ തൗഹീദിനെ വാക്കിൽ മാത്രം ഒതുക്കി ശിർക്കിന്റെ വഴിയിലൂടെ ചലിക്കുന്നവർ തൗഹീദിന്റെ വക്താക്കളെ ആക്ഷേപിക്കുന്നത് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്.

ശൈഖിനെതിരെ ഉന്നയിച്ചിരിക്കുന്നത് 'തൗഹീദിനെ വിഭജിച്ചു' എന്ന ആരോപണമാണല്ലോ. അങ്ങനെയെങ്കിൽ അദ്ദേഹത്തെപ്പറ്റി മാത്രം ഉന്നയിക്കേണ്ടതാണോ ഈ ആരോപണം? നമുക്കൊന്ന് പരിശോധിക്കാം.

ഹിജ്റ 150ൽ മരണപ്പെട്ട ഇമാം അബൂഹനീഫ(റഹി)യുടെ ഫിക്ഹുൽ അക്ബർ, 182ൽ മരണപ്പെട്ട ഇമാം അബൂയൂസുഫ്(റഹി), 310ൽ മരണപ്പെട്ട ഇമാം ത്വബ്‌രി(റഹി)യുടെ തഫ്സീർ, 321ൽ മരണപ്പെട്ട ഇമാം ത്വഹാവി(റഹി)യുടെ അക്വീദതുത്ത്വഹാവിയ്യ, 354ൽ മരണപ്പെട്ട ഇമാം ഇബ്നു ഹിബ്ബാന്റെ(റഹി) റൗദതിൽ ഉക്വലാഅ് വനുസ്അതുൽ ഫുദലാഅ്, 386ൽ മരണപ്പെട്ട ഇമാം ഇബ്നു അബീ സൈദുൽ ഖൈറുവാനി(റഹി)യുടെ മുക്വദ്ദിമതുൽ രിസാല, 387ൽ മരണപ്പെട്ട ഇമാം ഇബ്നു ബത്ത്വ(റഹി)യുടെ അൽഇബാന, 520ൽ മരണപ്പെട്ട ഇമാം അബൂബക്കർ അത്ത്വർതൂശി(റഹി)യുടെ സിറാജുൽ മുലൂക്, 535 ൽ മരണപ്പെട്ട ഇമാം അബുൽ ക്വാസിം അൽഅസ്ബഹാനി(റഹി)യുടെ അൽഹുജ്ജഃ, 671ൽ മരണപ്പെട്ട ഇമാം ഖുർതുബി(റഹി)യുടെ തഫ്സീർ... ഇങ്ങനെ തൗഹീദിന്റെ ഇനങ്ങളും അവയെ സംബന്ധിച്ചുള്ള ചർച്ചകളും തെളിവുകളുടെ വെളിച്ചത്തിൽ നടത്തിയ ഗ്രന്ഥങ്ങൾ ഏറെയുണ്ട്. അതിലെല്ലാം റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത്, അസ്മാഉ വസ്സിഫാത്ത് എന്നീ പ്രയോഗങ്ങൾ തന്നെയാണ് നടത്തിയീട്ടുള്ളത്. ഇവരുടെ പിൻഗാമികളായി കടന്നുവന്ന മഹാപ

**അല്ലാഹു രക്ഷിതാവാണ്, ആരാധ്യനാണ്, അവന് ഉത്കൃഷ്ട നാമങ്ങളും മഹത്തായ വിശേഷണങ്ങളുമുണ്ട്. ഇത് തൗഹീദിന്റെ മൂന്ന് ഇനങ്ങളാണ്. ഇത് മുസ്‌ലിയാക്കന്മാർക്ക് പുതുമയായി തോന്നുന്നത് ഒരുപക്ഷേ, ഓരോ തലമുറയിലെയും പണ്ഡിതന്മാർ പ്രമാണങ്ങളുടെ വെളിച്ചത്തിൽ തൗഹീദിനെ ഈ രൂപത്തിൽ വിശദീകരിച്ചത് വേണ്ടത്ര വായിച്ച് പഠിക്കാത്തതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ തങ്ങളുടെ പിഴച്ചവാദങ്ങളെ സംരക്ഷിക്കാനുള്ള പാഴ്ശ്രമമായിരിക്കാം. വിശുദ്ധ ക്വുർആനും നബി വചനങ്ങളും ഏറെ ഊന്നൽ നൽകിയ തൗഹീദിനെ വാക്കിൽ മാത്രം ഒതുക്കി ശിർക്കിന്റെ വഴിയിലൂടെ ചലിക്കുന്നവർ തൗഹീദിന്റെ വക്താക്കളെ ആക്ഷേപിക്കുന്നത് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്.**



ണ്ഡിതരായ ഇബ്നു തൈമിയ്യ (റഹി), ഇബ്നുൽ ക്വയ്യിം(റഹി), ഇബ്നു കസീർ(റഹി), ശൗക്കാനി (റഹി), മഖ്‌രീസി(റഹി), ഇബ്നു അബിൽഇസ്സ്(റഹി), ഇബ്നു അബ്ദിൽ വഹാബ് (റഹി), മുല്ലാ അലിയ്യുൽ ക്വാരി(റഹി), ഇമാം ശൻക്വീത്വി(റഹി) തുടങ്ങിയവർ ഈ ചർച്ചകൾ അവരുടെ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണാം.

സമസ്തക്കാരുടെ കണ്ണിൽ ഈ ഇമാമുമാരെല്ലാം പുത്തൻവാദികളാണോ? ഇവരുന്നയിച്ച തെളിവുകളോട് ഇവരുടെ സമീപനമെന്ത്? ഇബ്നു തൈമിയ്യ(റഹി)യോട് വെച്ചുപുലർത്തുന്ന വെറുപ്പ് ഈ പണ്ഡിതന്മാരോടെല്ലാം ഇവർക്കുണ്ടോ?

പണ്ഡിതന്മാർ തൗഹീദിന്റെ ഇനങ്ങൾക്ക് തെളിവായി സൂചിപ്പിച്ച ക്വുർആൻ വചനങ്ങളിൽ ഒന്ന് കാണുക. അല്ലാഹു പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും" (51:56-58).

'ഇക്തിദാഹു സ്വിറാത്തിൽ മുസ്തക്വീം' എന്ന തന്റെ മഹത്തായ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് അറബികളിൽപെട്ട മുശ്‌രിക്കുകൾ അല്ലാഹുവിൽ പങ്കുചേർക്കുന്നതിനും അവരെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിനും സഹായം തേടുന്നതിനും ദുർമൂർത്തികളെ സ്വീകരിച്ചിരുന്ന കാര്യം ഇമാം വിവരിച്ചിട്ടുണ്ട്. ആ ശിർക്കിനോട് സാമ്യപ്പെടുന്ന പ്രവർത്തനങ്ങൾ ഇക്കാലത്ത് ക്വബ്റുകൾ, പ്രവാചകന്മാർ, സ്വാലിഹുകൾ എന്നിവരുടെ പേരിൽ നടത്തപ്പെടുന്നു എന്ന് അദ്ദേഹം പറഞ്ഞതാണ് പുരോഹിതന്മാരെ വിറളിപിടിപ്പിക്കാനുള്ള മറ്റൊരു കാരണം. ശിർക്ക് വ്യാപിക്കുന്നതിന്റെ കാരണങ്ങൾ തെളിവ് നിരത്തി എടുത്ത് കാണിച്ചതല്ലാതെ ആർക്കെങ്കിലും 'മുശ്‌രിക്ക് പട്ടം' ചാർത്തുന്ന പണി ഇമാം ചെയ്തിട്ടില്ല. ശൈഖിന്റെ ഈ ഗ്രന്ഥത്തെ പുരോഹിതന്മാർ എതിർക്കേണ്ടിയിരുന്നത് അത് തെറ്റാണെന്ന് തെളിയിക്കാൻ മതിയായ തെളിവുകൾ ഹാജറാക്കിക്കൊണ്ടാകണമായിരുന്നു. ലോകം നിയന്ത്രിക്കുന്നത് സി.എം മടവൂരാണെന്നും മഴപെയ്യിക്കുന്നതും അരുവികൾ ഒഴുക്കുന്നതും മുഹ്‌യിദ്ദീൻ ശൈഖാണെന്നും പ്രതിസന്ധി ഘട്ടങ്ങളിൽ കാവൽ നൽകുന്നത് ബദ്‌രീങ്ങളാണെന്നും ആലംബഹീനർക്ക് അഭയകേന്ദ്രം അജ്മീർ ദർഗയാണെന്നും രോഗശമനം നൽകുന്നത് ബീമാപള്ളി-പുത്തൻപള്ളി ജാറങ്ങളാണെന്നും വിശ്വസിക്കുന്ന വിഭാഗക്കാർ തങ്ങൾ തൗഹീദിൽനിന്ന് അകന്നതിന്റെ ആഴവും പരപ്പും എത്രയുണ്ടെന്ന് ആത്മാർഥമായൊന്ന് നോക്കുന്നത് നല്ലതാണ്.



**ലോകം നിയന്ത്രിക്കുന്നത് സി.എം മടവൂരാണെന്നും മഴപെയ്യിക്കുന്നതും അരുവികൾ ഒഴുക്കുന്നതും മുഹ്‌യിദ്ദീൻ ശൈഖാണെന്നും പ്രതിസന്ധി ഘട്ടങ്ങളിൽ കാവൽ നൽകുന്നത് ബദ്‌രീങ്ങളാണെന്നും ആലംബഹീനർക്ക് അഭയകേന്ദ്രം അജ്മീർ ദർഗയാണെന്നും രോഗശമനം നൽകുന്നത് ബീമാപള്ളി-പുത്തൻപള്ളി ജാറങ്ങളാണെന്നും വിശ്വസിക്കുന്ന വിഭാഗക്കാർ തങ്ങൾ തൗഹീദിൽനിന്ന് അകന്നതിന്റെ ആഴവും പരപ്പും എത്രയുണ്ടെന്ന് ആത്മാർഥമായൊന്ന് നോക്കുന്നത് നല്ലതാണ്**

സമസ്തയുടെ വിശ്വാസവൈകല്യം അവർതന്നെ വ്യക്തമാക്കട്ടെ: "ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ ദർഗയാണ് അജ്മീറിലേത്. ഒരു ലക്ഷത്തിലേറെപ്പേർ ദിവസവും ദർഗയിലെത്തുന്നു എന്നാണു കണക്ക്. വിദൂരങ്ങളിൽനിന്ന് വരുന്നവർ ദിവസങ്ങളോളം ഇവിടെ താമസിക്കും. എല്ലാ ദിവസങ്ങളിലും ഖാജായുടെ ചാരത്തു വരും, ആവലാതികൾ പറയും, കണ്ണീർ പൊഴിക്കും. ജീവിതത്തിന്റെ വെളിച്ചം കെട്ടുപോയി എന്ന നിരാശയുമായി വന്നവർ ഖൽബിൽ പ്രശാന്തത നിറച്ചുകൊണ്ടാകും തിരിച്ചു പോവുക" (രിസാല വാരിക, 2023 ഫെബ്രുവരി 1).

അനേകം ജാറങ്ങളിൽ ഒന്നിനെപ്പറ്റിയുള്ള കള്ളപ്പോരിശകൾ മാത്രമാണിത്. ഈ കടുത്ത ശിർക്കിനെ മതത്തിന്റെ ഓരത്തേക്കടുപ്പിക്കാൻ പാടില്ലെന്നതിന്റെ കാരണം വ്യക്തമാക്കുന്ന മറ്റൊരു പുകഴ്ത്തൽ കാണുക: "തന്നെത്തേടിയെത്തിയ മനുഷ്യരുടെ നാനാതരം വേദനകൾ സ്വയമേ ഏറ്റുവാങ്ങിയാണ് സുൽത്താനുൽഹിന്ദ് ഖാജാ മുഈനുദ്ദീൻ ചിശ്തി(റ) ആധ്യാത്മിക ജീവിതത്തിന്റെ സഫല പ്രകാശനായത്. വെറും കൈയോടെ

ആരെയും മടക്കിയയച്ചില്ല. പരാതി പറഞ്ഞവരെയൊന്നും കയ്യൊഴിഞ്ഞില്ല. ആർക്കും നിരാശയോടെ മടങ്ങേണ്ടി വന്നില്ല. വഫാത്തിനു ശേഷവും അതങ്ങനെത്തന്നെയാണ്" (രിസാല വാരിക, പേജ് 34).

ഈ വൻപാപത്തെ പ്രാമാണികമായി ചോദ്യം ചെയ്യുന്നവരെ പിഴച്ചവരായി മുദ്രകുത്തുന്നവർ ഈ ക്വുർആൻ സൂക്തമൊന്ന് കാണുക:

"അല്ലാഹുവിന് പുറമെ ഞങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്തതിനെ ഞങ്ങൾ വിളിച്ച് പ്രാർഥിക്കുകയോ? അല്ലാഹു ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങൾ പുറകോട്ട് മടക്കപ്പെടുകയോ? (എന്നിട്ട്) പിശാചുക്കൾ തട്ടിത്തിരിച്ചു കൊണ്ടുപോയിട്ട് ഭൂമിയിൽ അന്ധാളിച്ച് കഴിയുന്ന ഒരുത്തനെപ്പോലെ (ഞങ്ങളാവുകയോ?). 'ഞങ്ങളുടെ അടുത്തേക്ക് വരൂ' എന്നു പറഞ്ഞുകൊണ്ട് അവനെ നേർവഴിയിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന ചില കൂട്ടുകാരുണ്ട് അവന്ന്. പറയുക: തീർച്ചയായും അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. ലോകരക്ഷിതാവിന് കീഴ്പെടുവാനാണ് ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നത്" (6:71).

ഇബ്നു തൈമിയ്യ(റഹി)ക്ക് മുമ്പും ശേഷവും ഇത്തരം പ്രവർത്തനങ്ങളെ ശക്തമായി എതിർത്തവരെ കാണാം. ഇമാം റാസി(റഹി) പറയുന്നു: "നിശ്ചയം വിഗ്രഹാരാധകർ (മക്കാ മുശ്‌രിക്കുകൾ) അവരുടെ വിഗ്രഹങ്ങളെയും പ്രതിഷ്ഠകളെയും സ്ഥാപിച്ചിരുന്നത് അമ്പിയാക്കന്മാരുടെയും മഹാന്മാരുടെയും രൂപത്തിലായിരുന്നു. ഇത്തരം പ്രതിഷ്ഠകൾക്കുള്ള ആരാധനകൊണ്ട് അവർ വ്യാപൃതരാകുമ്പോൾ അവയുടെ പ്രതിപുരുഷന്മാരായ അമ്പിയാക്കളും മഹാന്മാരും ആരാധിക്കുന്നവരുടെ (ആഗ്രഹസഫലീകരണത്തിന്) അല്ലാഹുവിന്റെ അടുത്ത് ശുപാർശ ചെയ്യും എന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്. ഇക്കാലത്ത് അതിന് തുല്യമായ സംഗതിയാണ് മഹാന്മാരുടെ ക്വബ്റുകളെ ആദരിക്കുന്ന പ്രവർത്തനങ്ങൾകൊണ്ട് വ്യാപൃതരാവൽ; ക്വബ്റിലുള്ള മഹാന്മാർ അല്ലാഹുവിന്റെയടുക്കൽ തങ്ങൾക്കു വേണ്ടി ശുപാർശ ചെയ്യും എന്ന വിശ്വാസത്തിന്റെ പേരിൽ സൃഷ്ടികളിൽ ധാരാളം ആളുകൾ മഹാന്മാരുടെ ക്വബ്റുകളെ മഹത്വപ്പെടുത്തുന്നതിൽ വ്യാപൃതരാകുന്നതും" (തഫ്സീറുൽ കബീർ).

ഇമാം നവവി(റഹി) തന്റെ 'അൽഈദാഹ്'ലും 'ശറഹുൽ മുഹദ്ദബി'ലും പറഞ്ഞത് കാണുക: "നബി(സ്വ)യുടെ ക്വബ്ർ ത്വവാഫ് ചെയ്യാൻ പാടില്ല. വയറും മുതുകും അതിന്റെ ചുമരിൽ ചേർക്കാനും പാടില്ല. ഇക്കാര്യം ഹലീമി എന്നവരും മറ്റും പറഞ്ഞിട്ടുണ്ട്. (ക്വബ്റിനെ) കൈകൊണ്ട് തടവലും മുത്തലും കറാഹത്താകുന്നു. ജീവിതകാലത്ത് ഹാജറായാൽ എങ്ങനെ സമീപിക്കുമോ അതുപോലെ അകന്നു നിൽക്കണം. ഇതാണ് പണ്ഡിതന്മാർ പറഞ്ഞതും ഏകോപിച്ചതും. പൊതുജനം ഇതിന്നെതിരിൽ പ്രവർത്തിക്കുന്നതു കണ്ട് വഞ്ചിതരായിപ്പോകരുത്. വിവരംകെട്ടവരും സാധാരണക്കാരുമായ ആളുകൾ പുതുതായി ഉണ്ടാക്കിയ കാര്യങ്ങൾ നോക്കുകതന്നെ വേണ്ട. പിൻപറ്റലും കർമവും വിവരമുള്ളവർ പറഞ്ഞതനുസരിച്ചാണ് വേണ്ടത്. സൻമാർഗം നീ പിന്തുടരുക. ആ വഴിയിൽ പ്രവേശിക്കുന്നവർ കുറവാകുന്നു എന്നത് നിനക്ക് പ്രയാസമാവരുത്. വഴികേടിന്റെ മാർഗം നീ സൂക്ഷിക്കണം. ആ വഴിയിൽ കടക്കുന്നവരുടെ ആൾപെരുപ്പം കണ്ട് നീ വഞ്ചിതനാവരുത് എന്ന് ഫുളയ്ലുബ്നു ഇയാദ് പറഞ്ഞത് വളരെ മനോഹരമാണ്" (അൽഈദാഹ്, പേജ് 919).

ഇമാം സുയൂത്വി(റഹി)യും ഇബ്നു ഹജറുൽ ഹൈതമിയും മറ്റും പറഞ്ഞത് വേറെയുമുണ്ട് ഉദ്ധരിക്കാൻ.

**(തുടരും)**

**നബി(സ്വ)യുടെ ക്വബ്ർ ത്വവാഫ് ചെയ്യാൻ പാടില്ല. വയറും മുതുകും അതിന്റെ ചുമരിൽ ചേർക്കാനും പാടില്ല. ഇക്കാര്യം ഹലീമി എന്നവരും മറ്റും പറഞ്ഞിട്ടുണ്ട്. (ക്വബ്റിനെ) കൈകൊണ്ട് തടവലും മുത്തലും കറാഹത്താകുന്നു. ജീവിതകാലത്ത് ഹാജറായാൽ എങ്ങനെ സമീപിക്കുമോ അതുപോലെ അകന്നു നിൽക്കണം. ഇതാണ് പണ്ഡിതന്മാർ പറഞ്ഞതും ഏകോപിച്ചതും. പൊതുജനം ഇതിന്നെതിരിൽ പ്രവർത്തിക്കുന്നതു കണ്ട് വഞ്ചിതരായിപ്പോകരുത്. വിവരംകെട്ടവരും സാധാരണക്കാരുമായ ആളുകൾ പുതുതായി ഉണ്ടാക്കിയ കാര്യങ്ങൾ നോക്കുകതന്നെ വേണ്ട. പിൻപറ്റലും കർമവും വിവരമുള്ളവർ പറഞ്ഞതനുസരിച്ചാണ് വേണ്ടത്. സൻമാർഗം നീ പിന്തുടരുക. ആ വഴിയിൽ പ്രവേശിക്കുന്നവർ കുറവാകുന്നു എന്നത് നിനക്ക് പ്രയാസമാവരുത്. വഴികേടിന്റെ മാർഗം നീ സൂക്ഷിക്കണം. ആ വഴിയിൽ കടക്കുന്നവരുടെ ആൾപെരുപ്പം കണ്ട് നീ വഞ്ചിതനാവരുത് എന്ന് ഫുളയ്ലുബ്നു ഇയാദ് പറഞ്ഞത് വളരെ മനോഹരമാണ്**






# റമദാനിനെ വരവേൽക്കുമ്പോൾ

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

: 98467 97157

**നാട് ലിബറലിസത്തിലേക്ക് കയറു പൊട്ടിച്ചോടിയ വർഷമാണ് കടന്നുപോയത്. സാധാരണക്കാരടക്കം അതിരുകളില്ലാത്ത ആനന്ദമാഘോഷിക്കാൻ തെരുവിലിറങ്ങിയതിന് കേരളം സാക്ഷിയായി. സ്വാതന്ത്ര്യത്തിന് നിർവചനം നൽകുന്നിടത്ത് ഭരണകൂടത്തിന് പോലും പിഴച്ചതും നാം കണ്ടു. വിശ്വാസികളെന്ന് നടിച്ചവരുടെ തനിനിറം പലപ്പോഴായി ഈ സത്യാനന്തരകാലത്ത് പുറത്തുവന്നു. റമദാൻ സമാഗതമാവുകയാണ്. തിരുത്താനും തിരുത്തപ്പെടാനും നോമ്പിനോളം സാധ്യതയുള്ള മറ്റൊരു നാളും വരാനില്ല. നിഷ്കളങ്ക മനസ്സോടെ റമദാനിനെ വരവേൽക്കാം നമുക്ക്.**

അല്ലാഹു പ്രത്യേകമായി ആദരിച്ച മനുഷ്യർക്ക് പുണ്യങ്ങൾ ഏറെ കരസ്ഥമാക്കിക്കൊണ്ട് സ്വർഗാവകാശികളായിത്തീരുവാൻ സന്ദർഭമൊരുക്കിയ മാസമാണ് റമദാൻ. അതിന്റെ ദിനരാത്രങ്ങൾ സ്വർഗം കാംക്ഷിക്കുന്നവർക്ക് സുവർണാവസരങ്ങളാണ്. അനുഗൃഹീതവും മഹത്ത്വമേറിയതും സൽകർമങ്ങൾക്ക് വർധിച്ച പ്രതിഫലം ലഭിക്കുന്നതുമായ മാസമാണ് വിശുദ്ധറമദാൻ. വിശുദ്ധി നേടിയ മനസ്സുകൾക്ക് കുളിരും സന്തോഷവും നൽകുന്ന ലോക രക്ഷിതാവിന്റെ ദാനം. ആ പുണ്യമാസം ആഗതമാവുകയായി.

മാനവസമൂഹത്തിന് വഴികാട്ടിയായ വിശുദ്ധ ക്വുർആനിന്റെ അവതരണത്തിന് നാന്ദികുറിച്ചത് റമദാനിലെ ക്വദ്റിന്റെ രാത്രിയിലാണ്: "തീർച്ചയായും നാം ഇതിനെ നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു" (97:1).

അല്ലാഹുവിനെക്കുറിച്ച്, അവന്റെ ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ച്, സ്വർഗ-നരകങ്ങളെക്കുറിച്ച്, മനുഷ്യന്റെ കടമകളെക്കുറിച്ച്, മാനവസമൂഹത്തിന്റെ മാതൃകാവ്യക്തിത്വമായ പ്രവാചകനെക്കുറിച്ച്... അങ്ങനെ മനുഷ്യർ അറിയേണ്ട കാര്യങ്ങളെല്ലാം അല്ലാഹു മനുഷ്യരെ അറിയിച്ചിട്ടുണ്ട്. ആവശ്യാനുസരണം സന്ദേശവാഹകരെ അല്ലാഹു നിയോഗിച്ചു. വേദഗ്രന്ഥങ്ങൾ ഇറക്കിക്കൊടുത്തു. അന്തിമ വേദത്തിലൂടെ അതിന്റെ പരിസമാപ്തി കുറിച്ചു. മനുഷ്യരെ ഏറ്റവും ചൊവ്വായതിലേക്ക് വഴികാണിക്കുന്ന വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചു. റമദാനിനെ നോമ്പിന്റെ കാലമായി നിശ്ചയിച്ചതുതന്നെ വിശുദ്ധ





ക്വുര്‍ആന്‍ ഇറങ്ങിയ മാസമായതിനാലാണ്.

വിശ്വാസികളായ നാം വിശുദ്ധ റമദാനിനെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് മനസ്സിലാക്കുകയും അത് കഴിയുന്നത്ര പ്രാവര്‍ത്തികമാക്കുകയും ചെയ്യേണ്ടതുണ്ട്. അനിവാര്യമായി മനസ്സിലാക്കേണ്ട ചില കാര്യങ്ങള്‍ ചുരുക്കി വിവരിക്കുവാനാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

### ഉദ്ദേശ്യം നന്നാക്കുക

ഉന്നതനും പ്രതാപിയുമായ അല്ലാഹുവിന് ആത്മാര്‍ഥമായി കീഴ്‌പെട്ട് അവന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ച് കര്‍മങ്ങള്‍ ചെയ്യുക.

നബി(സ്വ) പറയുന്നത് കാണുക: അബൂഹുറയ്‌റ(റ) നിവേദനം: അല്ലാഹുവിന്റെ ദൂതന്‍(സ്വ) പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനില്‍ നോമ്പനുഷ്ഠിക്കുകയാണെങ്കില്‍ അവന്റെ മുന്‍കഴിഞ്ഞ പാപങ്ങളില്‍ നിന്ന് പൊറുത്തുകൊടുക്കുന്നതാണ്" (ബുഖാരി).

ഖത്വാബി(റഹി) പറയുന്നു: 'വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും' (ഈമാനന്‍ വഹ്തിസാബന്‍) എന്നതുകൊണ്ട് വിവക്ഷിക്കുന്നത് 'ദൃഢമായ ഉദ്ദേശത്തോടെ, സത്യപ്പെടുത്തി, പ്രതിഫലം ആഗ്രഹിച്ച്, സന്മനസ്സോടെ, നിര്‍ബന്ധിതാവസ്ഥയില്ലാതെ, ഒരു ഭാരമാണെന്ന മനോഭാവമില്ലാതെ, ദൈര്‍ഘ്യമുള്ള ദിവസമാണെന്ന തോന്നലില്ലാതെ, നോമ്പിന്റെ സമയം മുഴുവനും മഹത്തായ പ്രതിഫലം പ്രതീക്ഷിക്കുക' എന്നാണ്.

### ബിദ്അത്തുകള്‍ വെടിയുക

മതത്തില്‍ കടത്തിക്കൂട്ടിയ നൂതനാചാരങ്ങള്‍ വെടിയല്‍ നിര്‍ബന്ധ

**ആവശ്യാനുസരണം സന്ദേശവാഹകരെ അല്ലാഹു നിയോഗിച്ചു. വേദഗ്രന്ഥങ്ങള്‍ ഇറക്കിക്കൊടുത്തു. അന്തിമ വേദത്തിലൂടെ അതിന്റെ പരിസമാപ്തി കുറിച്ചു. മനുഷ്യരെ ഏറ്റവും ചൊവ്വായതിലേക്ക് വഴികാണിക്കുന്ന വിശുദ്ധ ക്വുര്‍ആന്‍ അവതരിപ്പിച്ചു. റമദാനിനെ നോമ്പിന്റെ കാലമായി നിശ്ചയിച്ചതുതന്നെ വിശുദ്ധ ക്വുര്‍ആന്‍ ഇറങ്ങിയ മാസമായതിനാലാണ്. വിശ്വാസികളായ നാം വിശുദ്ധ റമദാനിനെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് മനസ്സിലാക്കുകയും അത് കഴിയുന്നത്ര പ്രാവര്‍ത്തികമാക്കുകയും ചെയ്യേണ്ടതുണ്ട്.**

മാണ്. അവ നമ്മെ നരകത്തിലേക്ക് നയിക്കും. ആഇശ (റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ (സ്വ) പറഞ്ഞു: "നാം കൽപിച്ചതല്ലാത്ത വല്ല കർമവും (മതത്തിന്റെ പേരിൽ) ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം).

**നോമ്പനുഷ്ഠിക്കുക**

അല്ലാഹു പറയുന്നു: "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്"(ക്വുർആൻ 2:185).

അബൂഹുറയ്‌റ(റ) നിവേദനം; അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനിൽ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽനിന്ന് പൊറുത്തു കൊടുക്കുന്നതാണ്'' (ബുഖാരി).

**രാത്രി നമസ്‌കാരം**

രാത്രി നമസ്‌കാരം ഐഛികമായതും അതോടൊപ്പം ഏറെ പ്രതിഫലാർഹവുമാണ്. റമദാനിലാകുമ്പോൾ അതിന്റെ പ്രാധാന്യവും പ്രതിഫലവും വർധിക്കുന്നു.

അബൂഹുറയ്‌റ(റ) നിവേദനം; അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനിൽ ക്വിയാമുല്ലൈൽ നമസ്‌കരിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽനിന്ന് പൊറുത്തു കൊടുക്കുന്നതാണ്''(ബുഖാരി).

**ക്വുർആൻ പാരായണവും പഠനവും**

ക്വുർആനുമായുള്ള ബന്ധം എത്രമാത്രം ശക്തമായി നമുക്കുണ്ടോ അതിനനുസരിച്ച് നമ്മുടെ സ്വർഗപ്രവേശം എളുപ്പമാകും. അത് പാരായണം ചെയ്യുവാനും മനഃപാഠമാക്കുവാനും അതിന്റെ അർഥവും ആശയവും മനസ്സിലാക്കുവാനും റമദാനിൽ നാം കൂടുതൽ സമയം കണ്ടെത്തണം. കാരണം റമദാൻ ക്വുർആനിന്റെ മാസമാണ്.

**ക്വുർആനുമായുള്ള ബന്ധം എത്രമാത്രം ശക്തമായി നമുക്കുണ്ടോ അതിനനുസരിച്ച് നമ്മുടെ സ്വർഗപ്രവേശം എളുപ്പമാകും. അത് പാരായണം ചെയ്യുവാനും മനഃപാഠമാക്കുവാനും അതിന്റെ അർഥവും ആശയവും മനസ്സിലാക്കുവാനും റമദാനിൽ നാം കൂടുതൽ സമയം കണ്ടെത്തണം. കാരണം റമദാൻ ക്വുർആനിന്റെ മാസമാണ്.**

ഇബ്‌നു അബ്ബാസ്(റ) നിവേദനം: "...റമദാനിലെ എല്ലാ രാത്രികളിലും (ജിബ്‌രീൽ) നബി(സ്വ)ക്ക് ക്വുർആൻ പഠിപ്പിച്ചിരുന്നു..." (ബുഖാരി).

അബ്ദുല്ലാഹിബ്‌നു അംറ്(റ) നിവേദനം; പ്രവാചകൻ(സ്വ) പറയുന്നു: "നോമ്പും ക്വുർആനും അടിമകൾക്ക് വേണ്ടി ശുപാർശ പറയുന്നതാണ്. നോമ്പ് പറയും: 'എന്റെ രക്ഷിതാവേ, പകലിൽ ഞാൻ അവന്റെ ഭക്ഷണവും ആഗ്രഹങ്ങളും തടഞ്ഞിരുന്നു. ആയതിനാൽ അവനുവേണ്ടി എന്റെ ശുപാർശ നീ സ്വീകരിക്കേണമേ.' ക്വുർആൻ പറയും: 'രാത്രിയിൽ അവന്റെ ഉറക്കം ഞാൻ തടഞ്ഞിരുന്നു. ആയതിനാൽ അവനു വേണ്ടി എന്റെ ശുപാർശ സ്വീകരിക്കേണമേ.' അങ്ങനെ അവ രണ്ടും ശുപാർശ ചെയ്യുന്നതാണ്'' (ഇമാം അഹ്‌മദ് ഉദ്ധരിച്ചതും അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചതുമായ ഹദീസ്).

**ധാരാളമായി ദാനധർമങ്ങൾ ചെയ്യുക**

റമദാനിൽ ദാനധർമങ്ങൾ അധികരിപ്പിക്കുവാനുള്ള സന്മനസ്സ് വിശ്വാസികൾക്കുണ്ടാകണം. ഇബ്‌നു അബ്ബാസ്(റ) നിവേദനം: "ജനങ്ങളിൽവച്ച് ഏറ്റവും ദാനധർമം ചെയ്തിരുന്ന വ്യക്തി നബി(സ്വ)യായിരുന്നു. റമദാനിൽ ജിബ്‌രീൽ(അ) നബി(സ്വ)യെ കണ്ടുമുട്ടുമ്പോഴായിരുന്നു തിരുദൂതർ ഏറ്റവും കൂടുതൽ ദാനധർമം ചെയ്തിരുന്നത്. റമദാനിലെ എല്ലാ രാത്രികളിലും (ജിബ്‌രീൽ) നബി(സ്വ)ക്ക് ക്വുർആൻ പഠിപ്പിച്ചിരുന്നു. അവിടുന്ന് അടിച്ചുവീശുന്ന കാറ്റിനെപോലെ ദാനധർമം ചെയ്തിരുന്നു'' (ബുഖാരി).

**നോമ്പു തുറപ്പിക്കൽ**

നോമ്പു തുറപ്പിക്കൽ മഹത്തായ ഒരു പുണ്യകർമമാണ്. അതിന്റെ പ്രതിഫലം എത്രത്തോളമുണ്ട് എന്ന് മനസ്സിലാക്കിയവർക്ക് അതിൽ അമാന്തം കാണിക്കാൻ കഴിയില്ല.

സൈദ്ബ്‌നു ഖാലിദ് അൽജുഅനി(റ) നിവേദനം;'അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നു: "നോമ്പു തുറപ്പിക്കുന്നവന് ആ നോമ്പുകാരന്റെ അത്രതന്നെ പുണ്യം നേടാനാകും. എന്നാൽ അയാളുടെ പ്രതിഫലത്തിൽനിന്ന് യാതൊന്നും കുറവ് വരികയുമില്ല" (തിർമിദി, ഇബ്‌നുമാജ, അഹ്‌മദ്, ഇബ്‌നുഹിബ്ബാൻ).

**അവസാനത്തെ പത്തിൽ കൂടുതൽ പരിശ്രമിക്കുക**

ആഇശ(റ) പറയുന്നു: "അവസാനത്തെ പത്ത് കടന്നുവന്നാൽ നബി(സ്വ) രാത്രിയെ ജീവിപ്പിക്കുകയും തന്റെ വീട്ടുകാരെ വിളിച്ചുണർത്തുകയും വസ്ത്രം മുറുക്കിയുടുക്കു (ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിന പരിശ്രമം നടത്തു)കയും ചെയ്യുമായിരുന്നു"(ബുഖാരി, മുസ്‌ലിം).

**ലൈലതുൽ ക്വദ്ർ പ്രതീക്ഷിക്കുക**

ഉയൈനബ്നു അബ്ദുർറഹ്മാൻ(റ) തന്റെ പിതാവിൽനിന്നും നിവേദനം: "ഞാൻ അബൂബക്റി(റ)ന്റെ സാന്നിധ്യത്തിൽ ലൈലതുൽ ക്വദ്റിനെ സംബന്ധിച്ച് പറഞ്ഞു. അപ്പോൾ അബൂബക്ർ(റ) പറഞ്ഞു: 'അത് അവസാനത്തെ പത്തിലെ ഒറ്റ രാവിലായിരിക്കും വരികയെന്ന് നബി(സ്വ)യിൽനിന്ന് ഞാൻ കേട്ടു. അങ്ങനെ പ്രവാചകനി(സ്വ)ൽനിന്ന് കേട്ടത് മുതൽ ഞാനതിനെ അവസാനത്തെ പത്തിലല്ലാതെ അന്വേഷിക്കാറില്ല'' (അഹ്മദ്).

**ലൈലതുൽ ക്വദ്റിലെ ക്വിയാമുല്ലൈൽ**

അബൂഹുറയ്റ(റ) നിവേദനം: റസൂലുല്ലാഹ്(സ്വ) പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെ, പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് ലൈലതുൽ ക്വദ്റിൽ ക്വിയാമുല്ലൈൽ നിർവഹിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽനിന്ന് പൊറുത്തുകൊടുക്കുന്നതാണ്'' (ബുഖാരി).

**ഉംറ നിർവഹിക്കുക**

ഉംറ നിർവഹിക്കുവാൻ സാധിക്കുന്നവർക്ക് റമദാനിൽ ഉംറ ചെയ്ത് കൂടുതൽ പ്രതിഫലം കൈവരിക്കാവുന്നതാണ്. ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "റമദാനിലെ ഒരു ഉംറ ഹജ്ജിന് തുല്യമാകുന്നു'' (ബുഖാരി, മുസ്‌ലിം).

> **"നോമ്പും ക്വുർആനും അടിമകൾക്ക് വേണ്ടി ശുപാർശ പറയുന്നതാണ്. നോമ്പ് പറയും: 'എന്റെ രക്ഷിതാവേ, പകലിൽ ഞാൻ അവന്റെ ഭക്ഷണവും ആഗ്രഹങ്ങളും തടഞ്ഞിരുന്നു. ആയതിനാൽ അവനുവേണ്ടി എന്റെ ശുപാർശ നീ സ്വീകരിക്കേണമേ.' ക്വുർആൻ പറയും: 'രാത്രിയിൽ അവന്റെ ഉറക്കം ഞാൻ തടഞ്ഞിരുന്നു. ആയതിനാൽ അവനു വേണ്ടി എന്റെ ശുപാർശ സ്വീകരിക്കേണമേ.' അങ്ങനെ അവ രണ്ടും ശുപാർശ ചെയ്യുന്നതാണ്'' (ഇമാം അഹ്മദ് ഉദ്ധരിച്ചതും അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചതുമായ ഹദീസ്).**

**ഇഅ്തികാഫ്**

ആരാധനകൾക്കായി പള്ളിയിൽ പ്രത്യേക നിയ്യത്തോടെ കഴിഞ്ഞുകൂടലാണ് ഇഅ്തികാഫ്. നബി(സ്വ)യുടെ ഇഅ്തികാഫിനെ സംബന്ധിച്ച് ഇങ്ങനെ കാണാം:

ആഇശ(റ) നിവേദനം: "നബി(സ്വ) റമദാനിലെ അവസാനത്തെ പത്തിൽ- അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുന്നതുവരെ- ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു'' (ബുഖാരി, മുസ്‌ലിം).

**അല്ലാഹുവിനെ ധാരാളമായി ഓർക്കുക**

ഒരു വിശ്വാസി അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്തുന്നവനാകണം. അല്ലാഹു പറയുന്നു: "...നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം'' (62:10).


അബൂഹുറയ്റ(റ) നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "മുഫ്രിദുകൾ മുൻകടന്നിരിക്കുന്നു.'' അവർ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണ് മുഫ്രിദുകൾ?'' അവിടുന്ന് പറഞ്ഞു: "അല്ലാഹുവിനെ ധാരാളമായി ഓർക്കുന്ന പുരുഷന്മാരും സ്ത്രീകളുമാകുന്നു അവർ'' (മുസ്‌ലിം).

**ധാരാളമായി പ്രാർഥിക്കുക**

അല്ലാഹു നമ്മെ പരിഗണിക്കണമെങ്കിൽ നാം അവനോടു മാത്രം പ്രാർഥിക്കുന്നവരാകണം. നോമ്പുകാലത്ത് പ്രാർഥന അധികരിപ്പിക്കുകയും വേണം.

അബൂഹുറയ്റ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "മൂന്ന് പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുന്നതാണ്; നോമ്പുകാരന്റെ പ്രാർഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന എന്നിവയാണവ'' (ബൈഹക്വി).

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "പ്രാർഥന, അതുതന്നെ



യാണ് ആരാധന" (അബൂദാവൂദ്, തിർമിദി).

**സമയമായാൽ പെട്ടെന്ന് നോമ്പു തുറക്കുക**

കൃത്രിമമായ ഭക്തി കാണിച്ച് സമയമായാലും നോമ്പ് അവസാനിപ്പിക്കാതിരിക്കുന്ന ചിലരുണ്ട്. അത് ശരിയായ നിലപാടല്ല. സഹ്‌ലുബ്‌നു സഅദ് അസ്സാഇദി(റ) നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അത്താഴം കഴിക്കുന്നത് പിന്തിപ്പിക്കുകയും നോമ്പു തുറക്കാൻ ധൃതി കാണിക്കുകയും ചെയ്യുന്നേടത്തോളം ജനങ്ങൾ നന്മയിൽതന്നെയായിരിക്കും" (ബുഖാരി, മുസ്‌ലിം).

**അത്താഴം കഴിക്കുകയും അത് പിന്തിപ്പിക്കുകയും ചെയ്യുക**

അബൂസഈദുൽ ഖുദ്‌രിയ്യ്(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അത്താഴം മുഴുവനും അനുഗൃഹീതമാണ്. അത് നിങ്ങൾ ഒഴിവാക്കരുത്. നിങ്ങളിലൊരാൾക്ക് ഒരു കവിൾ വെള്ളമാണ് സാധിക്കുന്നതെങ്കിൽ ഒരു കവിൾ വെള്ളമെങ്കിലും കഴിക്കുക. കാരണം ഉന്നതനും പ്രതാപവാനുമായ അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവർക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നുണ്ട്" (അഹ്മദ്).

**വിട്ടുവീഴ്ച ചെയ്യുക**

നബി(സ്വ) പറയുന്നു: "നിങ്ങളിലാരെങ്കിലും നോമ്പുകാരനാണെങ്കിൽ അവൻ ചീത്ത പറയുകയോ, തിന്മ പ്രവർത്തിക്കുകയോ ചെയ്യരുത്. അവനെ ആരെങ്കിലും വഴക്കു പറയുകയോ അക്രമിക്കുകയോ ചെയ്യുകയാണെങ്കിൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് അവൻ പറയട്ടെ'"(ബുഖാരി, മുസ്‌ലിം).

**തിന്മകൾ വെടിയുക**

അനാവശ്യമായ വാക്കുകളും പ്രവർത്തനങ്ങളും വെടിയാത്തവന്റെ നോമ്പ് കേവലം പട്ടിണിയായി മാറും. നബി(സ്വ) പറയുന്നു: "ഒരാൾ ചീത്ത വർത്തമാനങ്ങളും മ്ലേഛ പ്രവർത്തനങ്ങളും വെടിയാതെ ഭക്ഷണ പാനീയങ്ങൾ മാത്രം വെടിയുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി).

**നന്മകൾ അറിയിച്ചുകൊടുക്കുക**

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ അറിയിച്ചുകൊടുക്കുകയാണെങ്കിൽ അവന് അത് ചെയ്യുന്നവന്റെ (പ്രതിഫലത്തിന് സമാനമായ) പ്രതിഫലം ലഭിക്കുന്നതാണ്."

റമദാൻ മാസം സമാഗതമാകുന്നതോടെ നബി(സ്വ) അനുചരന്മാർക്ക് റമദാനിന്റെ ശ്രേഷ്ഠതയും പ്രത്യേകതയും വ്യക്തമാക്കിക്കൊടുക്കുകയും നന്മകൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും റമദാനിലെ സമയം മുഴുവനും പ്രയോജനപ്പെടുത്താൻ ഉണർത്തുകയും ചെയ്തിരുന്നു.

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "നിങ്ങൾക്ക് റമദാൻ മാസം സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസം; അതിൽ നോമ്പനുഷ്ഠിക്കൽ അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ ആകാശ കവാടങ്ങൾ തുറക്കുകയും നരക കവാടങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ മാസത്തിൽ പിശാചുക്കളെ ബന്ധിക്കുകയും ചെയ്യുന്നതാണ്. അതിൽ അല്ലാഹു ആയിരം മാസത്തെ ക്കാൾ ഉത്തമമായ ഒരു രാവ് അനുഗ്രഹിച്ചിരിക്കുന്നു. ആരെങ്കിലും അതിന്റെ നന്മയെ സ്വയം നിഷിദ്ധമാക്കിയാൽ അവനത് നിഷിദ്ധമാക്കപ്പെടുന്നതാണ്" (നസാഈ).

> **കൃത്രിമമായ ഭക്തി കാണിച്ച് സമയമായാലും നോമ്പ് അവസാനിപ്പിക്കാതിരിക്കുന്ന ചിലരുണ്ട്. അത് ശരിയായ നിലപാടല്ല. സഹ്‌ലുബ്‌നു സഅദ് അസ്സാഇദി(റ) നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അത്താഴം കഴിക്കുന്നത് പിന്തിപ്പിക്കുകയും നോമ്പു തുറക്കാൻ ധൃതി കാണിക്കുകയും ചെയ്യുന്നേടത്തോളം ജനങ്ങൾ നന്മയിൽതന്നെയായിരിക്കും"**

**സുന്നത്തുകൾ ധാരാളമായി നിർവഹിക്കുക**

നിർബന്ധമായ കാര്യങ്ങൾക്ക് പ്രധാന്യം നൽകുന്നതോടൊപ്പം സുന്നത്തുകൾ ധാരാളമായി നിർവഹിച്ച് റബ്ബിലേക്ക് അടുക്കുവാൻ വിശ്വാസികൾ ശ്രമിക്കേണ്ടതുണ്ട്.

അബൂഹുറയ്റ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അല്ലാഹു പറഞ്ഞു: 'ഞാൻ എന്റെ ദാസന് നിർബന്ധമാക്കിയ കാര്യങ്ങളെക്കാൾ എനിക്കിഷ്ടപ്പെട്ട മറ്റൊന്നു കൊണ്ടും അവൻ എന്നിലേക്ക് അടുത്തിട്ടില്ല. എന്റെ ഇഷ്ടത്തിനർഹനായിത്തീരുവോളം എന്റെ ദാസൻ ഐഛികമായ പുണ്യകർമങ്ങൾ വഴി എന്നിലേക്ക് അടുത്തുകൊണ്ടിരിക്കും."

അംറുബ്‌നുൽ ജുഹനി(റ) നിവേദനം: "ഒരാൾ നബി(സ്വ)ക്കരികിൽ വന്ന് പറയുകയുണ്ടായി: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലായെന്നും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുകയും അഞ്ചുനേരത്തെ നമസ്കാരം ഞാൻ നിർവഹിക്കുകയും സകാത്ത് നൽകുകയും റമദാനിൽ നോമ്പനുഷ്ഠിക്കുകയും അത് കൃത്യമായി നിലനിർത്തുകയും ചെയ്താൽ ഞാൻ ആരിൽ പെട്ടവനായിരിക്കുമെന്നാണ് താങ്കൾ പറയുന്നത്?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'സത്യസന്ധരിലും രക്തസാക്ഷികളിലുമായിരിക്കും" (ബസ്സാർ, ഇബ്‌നു ഹിബ്ബാൻ. അൽബാനി സ്വഹീഹാണെന്ന് പ്ര

സ്താവിച്ചത്).

**അഞ്ചുനേരത്തെ നമസ്കാരം സംഘമായി നിർവഹിക്കുക**

അബ്ദുല്ലാഹിബ്നു ഉമറി(റ) ൽനിന്ന് നിവേദനം; പ്രവാചകൻ (സ്വ) പറയുകയുണ്ടായി: "ജമാഅത്തായു ള്ള നമസ്കാരം ഒറ്റക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തിയേഴിരട്ടി പദവിയു(പ്രതിഫലം)ള്ളതാണ്"(ബുഖാരി).

അബുൽ അഹ്‌വസി(റ) ൽനിന്ന് നിവേദനം: "മുസ്‌ലിമായി നാളെ ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമസ്കാരത്തിന് വേണ്ടി വിളിക്കുന്ന സ്ഥലത്ത് പോയി ഈ നമസ്കാരങ്ങളെ അവൻ സംരക്ഷി(നിർവഹി)ക്കട്ടെ. കാരണം അല്ലാഹു നിങ്ങളുടെ പ്രവാചകന് സന്മാർഗ ചര്യ നിയമമാക്കിയിരിക്കുന്നു. അത് (നമസ്കാരം അതിനുവേണ്ടി വിളിക്കുന്ന സ്ഥലങ്ങളിൽ നിർവഹിക്കുകയെന്നത്) സന്മാർഗ ചര്യയിൽ പെട്ടതാണ്. നമസ്കാരത്തെതൊട്ട് പിന്തുന്നവർ വീട്ടിൽനിന്ന് നമസ്കരിക്കുന്നത് പോലെ നിങ്ങൾ നിങ്ങളുടെ വീട്ടിൽവച്ച് നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങളുടെ പ്രവാചകന്റെ ചര്യ നിങ്ങൾ ഉപേക്ഷിച്ചാൽ നിങ്ങൾ വഴികേടിലാകുന്നതാണ്. ആരെങ്കിലും നല്ല രൂപത്തിൽ വുദൂഅ് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ പള്ളികളിൽ ഏതെങ്കിലും ഒരു പള്ളിയിലേക്ക് പോവുകയാണെങ്കിൽ ഓരോ കാലടിക്കും ഓരോ നന്മ രേഖപ്പെടുത്തുകയും ഓരോ പദവി ഉയർത്തുകയും ഓരോ പാപം മായ്ച്ച് കളയുകയും ചെയ്യുന്നതാണ്. കാപട്യം അറിയപ്പെട്ട കപടവിശ്വാസിയല്ലാതെ ഒരാളും നമസ്കാരത്തിൽനിന്ന് പിന്തിനിൽക്കുന്നതായി ഞങ്ങൾ കാണാറില്ല. ചിലപ്പോൾ ഒരാൾ രണ്ടാളുകളുടെ ചുമലിൽ കൈവച്ചുകൊണ്ടെങ്കിലും വന്നുകൊണ്ട് നമസ്കാരത്തിന്റെ അണിയിൽ നിൽക്കാറുണ്ടായിരുന്നു" (മുസ്‌ലിം).

**നമസ്കാരത്തെതൊട്ട് പിന്തുന്നവർ വീട്ടിൽനിന്ന് നമസ്കരിക്കുന്നത് പോലെ നിങ്ങൾ നിങ്ങളുടെ വീട്ടിൽവച്ച് നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങളുടെ പ്രവാചകന്റെ ചര്യ നിങ്ങൾ ഉപേക്ഷിച്ചാൽ നിങ്ങൾ വഴികേടിലാകുന്നതാണ്. ആരെങ്കിലും നല്ല രൂപത്തിൽ വുദൂഅ് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ പള്ളികളിൽ ഏതെങ്കിലും ഒരു പള്ളിയിലേക്ക് പോവുകയാണെങ്കിൽ ഓരോ കാലടിക്കും ഓരോ നന്മ രേഖപ്പെടുത്തുകയും ഓരോ പദവി ഉയർത്തുകയും ഓരോ പാപം മായ്ച്ച് കളയുകയും ചെയ്യുന്നതാണ്. കാപട്യം അറിയപ്പെട്ട കപടവിശ്വാസിയല്ലാതെ ഒരാളും നമസ്കാരത്തിൽനിന്ന് പിന്തിനിൽക്കുന്നതായി ഞങ്ങൾ കാണാറില്ല.**

**സൂര്യൻ ഉദിക്കുന്നതുവരെ പള്ളിയിലിരിക്കൽ**

അനസ്(റ) നിവേദനം; നബി (സ്വ) പറഞ്ഞു: "ആരെങ്കിലും സംഘമായി (ജമാഅത്തായി) ഫജ്ർ (സുബ്ഹി) നമസ്കരിക്കുകയും ശേഷം സൂര്യനുദിക്കുന്നതുവരെ അല്ലാഹുവിനെ സ്മരിച്ച് അവിടെ ഇരിക്കുകയും ശേഷം രണ്ടു റകഅത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് പരിപൂർണമായ ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലം പോലെയുള്ള പ്രതിഫലം ലഭിക്കുന്നതാണ്" (തിർമിദി. അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചത്).

ഇത് എല്ലാവർക്കും എന്നും കഴിഞ്ഞു കൊള്ളണമെന്നില്ല. അതിരാവിലെ ജോലിക്കോ കച്ചവട സ്ഥാപനങ്ങളിലേക്കോ ഒന്നും പോകാനില്ലാത്തവർ ഈ വമ്പിച്ച പുണ്യം നേടിയെടുക്കാൻ പരിശ്രമിക്കണം.

**നബി(സ്വ)യുടെ പേരിൽ അധികമായി സ്വലാത്ത് ചൊല്ലുക**

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി(സ്വ)യുടെ പേരിൽ സ്വലാത്ത്(കാരുണ്യം കാണിക്കുന്നു) ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ



അദ്ദേഹത്തിന്റെ മേൽ സ്വലാത്ത് (അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാവാൻ പ്രാർഥിക്കുക) ചൊല്ലുക'"(33:56).

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ പേരിൽ പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്" (മുസ്‌ലിം).

**ജനങ്ങളെ ഉപദ്രവിക്കാതിരിക്കുക**

നബി(സ്വ) പറഞ്ഞു: "യഥാർഥ മുസ്‌ലിമെന്നാൽ മറ്റു മുസ്‌ലിംകൾ അവന്റെ നാവിൽനിന്നും കയ്യിൽ നിന്നും സുരക്ഷിതരായവനാകുന്നു" (മുസ്‌ലിം).

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ" (മുസ്‌ലിം).

**സൃഷ്ടികളോട് കരുണ കാണിക്കുക**

അബ്ദുല്ലാഹിബ്നു അംറി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറയുന്നു: "കരുണ കാണിക്കുന്നവരോട് പരമകാരുണികനും കാരുണ്യം കാണിക്കുന്നതാണ്. ആയതിനാൽ ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക. എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോടും കാരുണ്യം കാണിക്കുന്നതാണ്" (തിർമിദി).

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു വിശ്വാസിയുടെ ഐഹിക പ്രയാസം നീക്കികൊടുക്കുകയാണെങ്കിൽ അവസാന നാളിലെ അവന്റെ പ്രയാസങ്ങളിൽ ഒരു പ്രയാസത്തെ അല്ലാഹു നീക്കിക്കൊടുക്കുന്നതാണ്" (മുസ്‌ലിം).

**നിഷിദ്ധമായതിലേക്ക് നോക്കാതിരിക്കുക**

ഹറാമിലേക്കുള്ള നോട്ടം ഒരു കാലത്തും അനുവദനീയമല്ല. നോമ്പനുഷ്ഠിക്കുന്നവനായിരിക്കെ നിഷിദ്ധമായതിലേക്ക് നോക്കിയാൽ അത് നോമ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:



**ഹറാമിലേക്കുള്ള നോട്ടം ഒരു കാലത്തും അനുവദനീയമല്ല. നോമ്പനുഷ്ഠിക്കുന്നവനായിരിക്കെ നിഷിദ്ധമായതിലേക്ക് നോക്കിയാൽ അത് നോമ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. റമദാൻ സൽകർമങ്ങൾ ചെയ്തു പുണ്യങ്ങൾ ശേഖരിക്കുവാനുള്ള അവസരമാണ്. അതല്ലാതെ ഭക്ഷണപാനീയങ്ങളിലും മറ്റും ദുർവ്യയം ചെയ്യുവാനുള്ളതല്ല.**

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും നീ പറയുക" (24:30,31).

**മിതത്വം പാലിക്കുക**

റമദാൻ സൽകർമങ്ങൾ ചെയ്തു പുണ്യങ്ങൾ ശേഖരിക്കുവാനുള്ള അവസരമാണ്. അതല്ലാതെ ഭക്ഷണപാനീയങ്ങളിലും മറ്റും ദുർവ്യയം ചെയ്യുവാനുള്ളതല്ല. അല്ലാഹു പറയുന്നു:

"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (7:31).

**പശ്ചാത്താപവും പാപമോചനതേട്ടവും അധികരിപ്പിക്കുക**

"സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (24:31).

"നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (73:20).

നബി(സ്വ) പറഞ്ഞു: "ഓ, ജനങ്ങളേ! നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. ഒരുദിവസം ഞാൻ നൂറ് പ്രാവശ്യം അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു" (മുസ്‌ലിം).

ആസന്നമായ വിശുദ്ധ റമദാനിൽ പ്രമാണബദ്ധമായി പരമാവധി പുണ്യങ്ങൾ ചെയ്ത്, പാപങ്ങളെല്ലാം കഴുകിക്കളഞ്ഞ് നിർമല മനസ്സുമായി റമദാനിനെ യാത്രയാക്കാൻ അല്ലാഹു നമുക്കേവർക്കും അനുഗ്രഹം നൽകുമാറാവട്ടെ, ആമീൻ

*(അവലംബം: 'മഫാതീഹുൽ ഖൈറി ഫീ റമദാൻ' എന്ന ലഘുലേഖ).*

# മാതാപിതാക്കൾ; തണൽമരങ്ങൾ

ആഷിഖ എ.വി, നടുവട്ടം

ആധുനികതയുടെയും ആഡംബരത്തിന്റെയും ഫാഷന്റെയും പിന്നാലെ പായുന്ന പുതുതലമുറ മാതാപിതാക്കളെ തീരെ വിലവയ്ക്കാത്തവരായി മാറിക്കൊണ്ടിരിക്കുകയാണ്. മാതാവിന്റെയും പിതാവിന്റെയും മഹത്ത്വമറിയാതെ അപഥസഞ്ചാരത്തിലാണ് പല മക്കളും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമ്പത്തും സ്ഥാനമാനങ്ങളും ഉയർന്ന ജോലിയും ഉണ്ടായിക്കഴിഞ്ഞാൽ പിന്നിട്ട പാതകളെ അവർ മറക്കുന്ന കാഴ്ചയാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. തന്നെ ഗർഭം ധരിച്ച് പാലൂട്ടി വളർത്തിയ സ്നേഹനിധിയായ മാതാവിനെയും പ്രയാസങ്ങൾ സഹിച്ചും തന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചുതന്ന വാത്സല്യവാനായ പിതാവിനെയും അവൻ അവഗണിക്കുകയാണ്. വൃദ്ധമാതാപിതാക്കൾ തന്റെ സ്റ്റാറ്റസിന് കോട്ടം തട്ടുന്ന വസ്തുക്കളായി മാറുകയാണ്. അതോടെ അവരെ വൃദ്ധസദനങ്ങളിലേക്ക് തള്ളിവിടുന്നു. അല്ലെങ്കിൽ വീടിനകത്ത് അവർക്കായി ഒരുതരം തടവറയൊരുക്കുന്നു. കാരണം തൊലി ചുക്കിച്ചുളിഞ്ഞ, കഷായം മണക്കുന്ന മാതാപിതാക്കളെ അതിഥികൾ കാണുന്നത് വലിയ കുറച്ചിലാണ്!

ജീവിതത്തിന്റെ സുഖാഡംബരങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കുമ്പോൾ; നാളെ തന്നെയും വാർധക്യം പിടികൂടുമെന്ന് ഈ മക്കൾ ചിന്തിക്കുന്നില്ല. ഇതെല്ലാം കണ്ടുകൊണ്ട് തന്റെ മക്കളും വളർന്നുവരുന്നുണ്ടെന്നും ഇതുപോലെ നാളെ അവർ തന്നെയും പാഴ്‌വസ്തുവായി കാണുവാൻ സാധ്യതയുണ്ടെന്നുമുള്ള കാര്യം അവൻ മറന്നുപോകുകയാണ്.



**“മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തി. മാതാപിതാക്കളുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപം'' (തുർമുദി).**

ഇവിടെയാണ് ഇസ്‌ലാമികാദർശത്തിന്റെ വ്യതിരിക്തത നമുക്ക് കാണാൻ സാധിക്കുന്നത്. ഇസ്‌ലാമിന് മാതാപിതാക്കളുടെ കാര്യത്തിൽ അതുല്യമായ നിലപാടാണുള്ളത്. സർവലോക രക്ഷിതാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന് കൽപിക്കുന്നതിനോടൊപ്പം മാതാപിതാക്കളോട് എങ്ങനെ അനുവർത്തിക്കണമെന്നും ക്വുർആനിലൂടെ അല്ലാഹു വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നത് കാണാം.

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരുംതന്നെയോ നിന്റെ അടുക്കൽവച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ‘ഛെ’ എന്ന് പറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക'' (ക്വുർആൻ 17: 23, 24).

മക്കളെ സംബന്ധിച്ചിടത്തോളം വൃദ്ധമാതാപിതാക്കൾ ഒരു പരീക്ഷണമാണ്. അബൂഹുറയ്‌റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: ‘അവൻ നിന്ദ്യനാവട്ടെ, വീണ്ടും അവൻ നിന്ദ്യനാവട്ടെ, വീണ്ടും അവൻ നിന്ദ്യനാവട്ടെ!’ ‘അല്ലാഹുവിന്റെ ദൂതരേ, ആരാണത്’ എന്ന് ചോദിക്കപ്പെട്ടു. നബി(സ്വ) പറഞ്ഞു: ‘വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗത്തിൽ പ്രവേശിക്കാത്തവൻ” (മുസ്‌ലിം).

നബി(സ) പറഞ്ഞു: “മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തി. മാതാപിതാക്കളുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപം” (തുർമുദി).

കുറ്റകരമല്ലാത്ത ഏതു കാര്യത്തിലും മാതാപിതാക്കളെ അനുസരിക്കുക എന്നത് സത്യവിശ്വാസികളുടെ കടമയാണ്. ഏകദൈവാദർശം മുറുകെ പിടിച്ച് ജീവിക്കുന്ന ഒരാൾക്കും തന്റെ മാതാപിതാക്കളെ അവഗണിക്കുവാനും അവരോട് ക്രൂരത കാട്ടുവാനും സാധ്യമല്ല.

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 8

# പരിഷ്കർത്താവോ മസീഹോ?

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

**'ഞാൻ കാലത്തിന്റെ പരിഷ്കർത്താവ്'**

'അല്ലാഹുവിൽനിന്നു ലഭിച്ച അറിയിപ്പ്' പ്രകാരമാണത്രെ, 1885 മാർച്ചിൽ മിർസ ഒരു പരസ്യം ചെയ്തു: "ഈ ഗ്രന്ഥകാരന് ലഭിച്ച ജ്ഞാനമനുസരിച്ച് ഈ കാലത്തിന്റെ പരിഷ്കർത്താവാകുന്നു (മുജദ്ദിദെ വക്ത്) ഞാൻ. ആത്മീയമായി മസീഹ് ഇബ്നു മറിയമിന്റെ പൂർണതയുമായി സമരസപ്പെട്ട ആളും ചില പ്രത്യേക അമ്പിയാമുർസലുകളുടെ മാതൃകയിലുള്ളവനുമാകുന്നു. പ്രവാചക ശ്രേഷ്ഠൻ മുഹമ്മദി(സ്വ)നോടുള്ള അനുസരണത്തിന്റെ അനുഗ്രഹത്താൽ നേരത്തെ കഴിഞ്ഞുപോയ വൻകിടക്കാരായ ഔലിയാക്കളെക്കാൾ എനിക്ക് ശ്രേഷ്ഠത നൽകപ്പെട്ടിരിക്കുന്നു. എന്റെ കാലടികൾ പിൻപറ്റുക എന്നത് രക്ഷയും ഭാഗ്യവും അനുഗ്രഹവും നേടാൻ നിമിത്തമായിത്തീരും. എനിക്കെതിരെ പ്രവർത്തിക്കുന്നത് അകൽച്ചക്കും അഭാവത്തിനും കാരണമായിത്തീരും" (പേജ്:99).

1885 മാർച്ച് 8ന് പ്രസിദ്ധീകരിച്ച ഒരു കത്തുകൂടി വായിക്കുക: "ഈ വിനീതൻ സർവശക്തനും പ്രതാപശാലിയുമായ ഹസ്രത്തിനാൽ നിയുക്തനാകുന്നു; ഇസ്രായേലീ നാസരീ മസീഹിനെപ്പോലെ പൂർണമായും ദാരിദ്ര്യവും പാവത്തരവും ലാളിത്യവും വിനയവും വിധേയത്വവും ആയി മനുഷ്യന്റെ പരിഷ്കരണത്തിന് വേണ്ടി. ഈ കാലത്ത് ഉദ്ദേശ്യപൂർത്തീകരണാർഥം, ഉർദുവിന് പുറമെ ഇംഗ്ലീഷിലും തയ്യാറാക്കി ഓരോ കോപ്പി പാതിരിമാർ, ബ്രാഹ്മണർ, ആര്യന്മാർ, പ്രകൃതിവാദികൾ, മൗലവിമാർ എന്നിവർക്കെല്ലാം അയക്കുകയാണ്."

> **എങ്ങനെ വ്യാഖ്യാനിച്ചാലും ന്യായീകരിച്ചാലും അദ്ദേഹം പ്രഖ്യാപിക്കുന്നത് 'കാലത്തിന്റെ പരിഷ്കർത്താവ്' എന്ന നിയോഗമാണ്. മുജദ്ദിദുമാരെ വിശ്വസിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. പലരുടെയും മരണശേഷമാണ് അവർ കാലത്തിന്റെ പരിഷ്കർത്താക്കൾ ആയിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. മുഹമ്മദ് നബി(സ്വ)ക്ക് ശേഷം നിരവധി മുജദ്ദിദുമാർ ലോകത്തു വന്നിരിക്കെ ഇദ്ദേഹത്തിന്റെ 'ദൗത്യ'ത്തിന് പ്രത്യേകതയൊന്നുമില്ല. ഈസാ നബി(അ)യുടെയും മറ്റുചില പ്രവാചകന്മാരുടെയും സാദൃശ്യം ഉണ്ടെന്ന് മാത്രമെ ഇദ്ദേഹം ആദ്യം വാദിച്ചിട്ടുള്ളൂ.**

"ഇതെന്റെ ചിന്തയിലും ഇജ്തിഹാദിലും ഉരുവംകൊണ്ട കാര്യമല്ല. അല്ലാഹുവിന്റെ അനുവാദത്തോടെയാണ് ഇത് അയക്കുന്നത്. ഈ കത്ത് ലഭിക്കുകയും സത്യം സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നവരെപ്പറ്റി ഒരു പ്രവചനമെന്ന നിലയ്ക്ക് എനിക്ക് ലഭിച്ച സുവാർത്ത, അവർ മറുപടി പറയാനാകാതെ തീർത്തും പരാജയപ്പെടുമെന്നാണ്" (പേജ്:99,100).

എങ്ങനെ വ്യാഖ്യാനിച്ചാലും ന്യായീകരിച്ചാലും ഇവിടെ അദ്ദേഹം പ്രഖ്യാപിക്കുന്നത് 'കാലത്തിന്റെ പരിഷ്കർത്താവ്' എന്ന നിയോഗമാണ്. മുജദ്ദിദുമാരെ വിശ്വസിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. പലരുടെയും മരണശേഷമാണ് അവർ കാലത്തിന്റെ പരിഷ്കർത്താക്കൾ ആയിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. മുഹമ്മദ് നബി(സ്വ)ക്ക് ശേഷം നിരവധി മുജദ്ദിദുമാർ ലോകത്തു വന്നിരിക്കെ ഇദ്ദേഹത്തിന്റെ 'ദൗത്യ'ത്തിന് പ്രത്യേകതയൊന്നുമില്ല. ഈസാ നബി(അ)യുടെയും മറ്റുചില പ്രവാചകന്മാരുടെയും സാദൃശ്യം ഉണ്ടെന്ന് മാത്രമെ ഇദ്ദേഹം ആദ്യം വാദിച്ചിട്ടുള്ളൂ.

**വാദത്തിന് തടസ്സം അനാരോഗ്യം!**

ഇനിയുള്ള കുറെ പേജുകളിൽ നേരത്തെ സൂചിപ്പിച്ച കല്യാണവുമായും അതിൽ ജനിക്കുമെന്ന് പ്രവചിക്കപ്പെട്ട വാഗ്ദത്ത പുത്രനുമായും ബന്ധപ്പെട്ട 'വഹ്‌യുകളും' ദർശനങ്ങളുമാണ് വിവരിക്കുന്നത്. ഈസാ(അ)യുടെ പുനരാഗമനത്തിൽ വിശ്വസിക്കുന്ന മുസ്‌ലിം സമൂഹത്തോട്, പകരക്കാരനായി വന്ന മിർസാ ഖാദിയാനിക്ക് അക്കാര്യം പറയാൻ സാധിച്ചില്ല. അല്ലെങ്കിൽ അദ്ദേഹം സ്വയം ആ കാര്യം അറിഞ്ഞിരുന്നില്ല എന്നും കരുതാം! വല്ലാത്തൊരു അവസ്ഥ തന്നെ!

"1889ൽ ഒരിക്കൽ അലിഗഢിൽ ചെന്നപ്പോൾ മൗലവി മുഹമ്മദ് ഇസ്മായിൽ എന്നോട് വഅദ് പറയാൻ ആവശ്യപ്പെട്ടു. ഞാനത് ആവേശപൂർവം സ്വീകരിച്ചുവെങ്കിലും അല്ലാഹു തടസ്സം നിന്നു. അനാവശ്യമായ വാചാടോപം ശരീര പ്രയാസം ഏറ്റുവാങ്ങുമെന്നതിനാൽ വേണ്ടെന്നായിരുന്നു ദൈവ നിശ്ചയം. മുമ്പൊരിക്കൽ കഴിഞ്ഞുപോയ നബിമാർൽഒരാളെ കശ്ഫിൽ കണ്ടപ്പോഴും ബൗദ്ധി കാധ്വാനം കൂടുതലായി ചെയ്തു രോഗിയായി പോകുമെന്ന ആശങ്ക പങ്കുവച്ചിരുന്നു" (പേജ്:136).

ചുരുക്കത്തിൽ, അല്ലാഹുവും മുൻ പ്രവാചകന്മാരും ആരോഗ്യത്തെ സംബന്ധിച്ച് ആശങ്കയറിയിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്തതിനാൽ മിർസാക്ക് തന്റെ ദൗത്യം യഥാസമയം ജനങ്ങളെ അറിയിക്കാനായില്ല! ഒടുവിൽ 1890 ഡിസംബറിൽ അദ്ദേഹം ഉള്ള ആരോഗ്യം വച്ചുകൊണ്ട് തന്നെ ജനങ്ങളോട് ചോദിച്ചു:

"അല്ലാഹു അതിവിദഗ്ധനായ ഒരു ഭിഷഗ്വരനോട് സാമ്യപ്പെടുത്തി മിശിഹയായി അയക്കുകയും നിങ്ങൾക്ക് നന്മ മാത്രം ബോധനം ചെയ്യുകയും ചെയ്യുന്ന ഈ മസീഹിനെ വിശ്വസിക്കുന്ന കാര്യത്തിൽ എന്ത് സംശയമാണ് ബാക്കിയുള്ളത്?" (പേജ്:136).

"പ്രാർഥിച്ചും 'ഇൽഹാമീ മരുന്നുകൾ' നൽകിയും രോഗം സുഖപ്പെടുത്തുന്ന ഒരു ഡോക്ടറെയല്ല ലോകം പ്രതീക്ഷിക്കുന്നത്, മറിച്ച് ദജ്ജാലിനെ കൊല്ലുകയും കുരിശ് വിശ്വാസത്തെ ലോകത്തു നിന്ന് നിർമാർജനം ചെയ്യുകയും ചെയ്യുന്ന ഒരു ധീരനായ മസീഹിനെയാണ്" എന്ന് വേണമെങ്കിൽ മറുപടി പറയാം.

ഏതായാലും അടുത്ത വർഷം ഫെബ്രുവരി 11ന് പ്രഖ്യാപനം വന്നു: "പ്രതാപശാലിയായ അല്ലാഹുവിന്റെ വഹ്‌യും ഇൽഹാമും



ഈസാ നബി(അ)യെ തെറി വിളിക്കുന്ന 'നൂറുൽ ക്വുർആനി 'ന്റെ 73,74 പേജുകൾ.

**വിശുദ്ധ ക്വുർആനിന്റെ അധ്യാപനത്തിനും മുസ്‌ലിംകളുടെ ഏകകണ്ഠമായ വിശ്വാസത്തിനും വിരുദ്ധമായി, ഈസാനബി(അ) കുരിശിലേറ്റപ്പെട്ടുവെങ്കിലും മരിക്കാതെ രക്ഷപ്പെട്ട് ഇന്ത്യയിലെ കശ്മീരിലേക്ക് ഒളിച്ചോടി എന്നും അവിടെ ആരോരുമറിയാതെ ജീവിച്ച് 120ാം വയസ്സിൽ മരിച്ചുവെന്നുമാണ് മിർസാ ഖാദിയാനിയുടെ അധ്യാപനം. ശ്രീനഗറിനടുത്ത് കാനിഹാറിലെ യൂസാ ആസഫിന്റെ മക്വ്ബറ ഈസാനബിയുടെതാണെന്നും യൂസാ ആസഫ് ഈസാ നബിയുടെ മറ്റൊരു പേരാണെന്നും സമർഥിക്കാൻ വേണ്ടി എഴുതിയ താണ് 'മസീഹ് ഹിന്ദുസ്ഥാൻ മേം' (ഈശോമിശിഹാ ഇന്ത്യയി ൽ) എന്ന കൃതി. ഇതിന് പക്ഷേ, വേദഗ്രന്ഥങ്ങളുടെയോ ചരിത്ര രേഖകളുടെയോ പിന്തുണയില്ല.**

അനുസരിച്ച് ഞാൻ സദൃശമസീഹാണെന്ന വാദം ഉന്നയിച്ചിരിക്കുന്നു. നേരത്തെ ക്വുർആനിലും നബി(സ്വ)യുടെ ഹദീസുകളിലും ഈ വിവരം അറിയിക്കുകയും വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്'' (പേജ്: 138).

ഏതോ ഒരു അബ്ദുൽ ജബ്ബാർ മൗലവിക്ക് എഴുതിയ കത്തിലാണ് ഈ വിവരമുള്ളത്. പിൽക്കാലത്ത് ലാഹോരികൾ പരസ്യങ്ങളുടെ സമാഹാരത്തിൽ കൊടുത്തത് തദ്കിറയിൽ ചേർത്തപ്പോഴാണ് ഇങ്ങനെയൊരു നിയോഗത്തെപ്പറ്റി 'ക്വുർആനിലും ഹദീസിലും ഉണ്ടെന്ന(?)' കാര്യം ലോകം അറിയുന്നത്!

**ദമാസ്കസിന്റെ നിഴൽ**

'ദമാസ്കസിലല്ലേ മസീഹ് ഇറങ്ങുക? അങ്ങനെയാണല്ലോ സ്വഹീഹ് മുസ്‌ലിമിലെ ഹദീസിലുള്ളത്.' ഖാദിയാനി മസീഹിനോട് ആരോ സംശയം പ്രകടിപ്പിച്ചു.

'എന്നോട് അല്ലാഹു വെളിപ്പെടുത്തിയത് പ്രകാരം, ദമാസ്കസിലെ പോലെ യസീദിയൻ സ്വഭാവമുള്ള, യസീദീ പ്രേതങ്ങളെപ്പോലുള്ളവർ അധിവസിക്കുന്ന സ്ഥലമാണ് ഉദ്ദേശിക്കുന്നത്. പണ്ട് ഇൻജീൽ അവതരിപ്പിച്ചിരുന്ന മസീഹല്ല വാഗ്ദത്ത മസീഹ് എന്ന പോലെ ആ ദമാസ്കസല്ല ഈ പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് നീതിയുടെയും വിശ്വാസത്തിന്റെയും ഹെഡ് ക്വാർട്ടേഴ്സ് ആയിരിക്കും. മിക്ക നബിമാരും വന്നത് അക്രമികളുടെ നാട്ടിലാണല്ലോ'' (പേജ്:141).

യഥാർഥ മസീഹ് യഥാസ്ഥാനത്തുതന്നെ വന്നിറങ്ങുമെന്ന് വിശ്വസിക്കുന്നവരെ ഈ സാദൃശ്യസിദ്ധാന്തം അലോസരപ്പെടുത്തേണ്ടതില്ല. ഈസാ നബി(അ) ലോകത്തേക്കു വന്ന് ദൗത്യനിർവഹണത്തിന് ശേഷം സ്വാഭാവികമായി മരിച്ച് മസ്ജിദുന്നബവിയിലെ പ്രവാചകന്റെ ക്വബ്റിനടുത്ത് മറവുചെയ്യപ്പെടുമെന്നാണ് ഹദീസുകളിൽ ഉള്ളത്. എന്നാൽ മസീഹ് വാദി മിർസാ ഗുലാം അഹ്മദ് ഖാദിയാനി കണ്ട ഒരു സ്വപ്ന ദർശനത്തിൽ, വിശുദ്ധറൗദയിൽ ചെന്നപ്പോൾ ക്വബ്റിൽനിന്ന് പുറത്തു വന്ന ഒരാൾ പ്രവാചകന്റെ ക്വബ്റിനടുത്ത് ഒരു സ്ഥലം കാണിച്ചു കൊടുത്തുകൊണ്ട് പറഞ്ഞത്രെ; 'നിന്റെ ക്വബ്റിന്റെ സ്ഥലമാണിത്.' തുടർന്നെഴുതുന്നു: "ഞാൻ സ്വയം ഈ സ്വപ്നത്തിന് വ്യാഖ്യാനം മനസ്സിലാക്കുന്നത്, ഒരു വ്യക്തി മരിച്ചതിനുശേഷം ആത്മീയതലത്തിൽ ഒരു വിശുദ്ധന്റെ സാമീപ്യം നേടുമെന്നാണ്. അല്ലാതെ മൃതദേഹങ്ങൾ അടുത്ത് വയ്ക്കും എന്നല്ല'' (പേജ്: 147).

സ്വപ്നത്തിലല്ലാതെ റൗദാശരീഫ് സന്ദർശിക്കാൻ പോലും ഭാഗ്യം ലഭിക്കാത്ത ഒരാൾക്ക് ഇങ്ങനെയൊക്കെ ഇജ്തിഹാദ് ചെയ്യാനല്ലേ പറ്റൂ!

ഇങ്ങനെ മുന്നോട്ടു പോയാൽ ഈസാനബിയുമായി ബന്ധപ്പെട്ട എല്ലാ കാര്യത്തിലും ഗുരുതരമായ സാദൃശ്യസിദ്ധാന്തം അവതരിപ്പിച്ചുകൊണ്ടാണ് മിർസാ ഖാദിയാനി മസീഹാകുന്നത് എന്ന് കാണാൻ കഴിയും. നേരത്തെ ഒരു പുസ്തകത്തിൽ ഇക്കാര്യം വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

**ആനന്ദലബ്ധിക്കിനി എന്തുവേണം!**

വിശുദ്ധ ക്വുർആനിന്റെ അധ്യാപനത്തിനും മുസ്‌ലിംകളുടെ ഏകകണ്ഠമായ വിശ്വാസത്തിനും വിരുദ്ധമായി, ഈസാനബി(അ) കുരിശിലേറ്റപ്പെട്ടുവെങ്കിലും മരിക്കാതെ രക്ഷപ്പെട്ട് ഇന്ത്യയിലെ കശ്മീരിലേക്ക് ഒളിച്ചോടി എന്നും അവിടെ ആരോരുമറിയാതെ ജീവിച്ച് 120ാം വയസ്സിൽ മരിച്ചുവെന്നുമാണ് മിർസാ ഖാദിയാനിയുടെ അധ്യാപനം. ശ്രീനഗറിനടുത്ത് കാനിഹാറിലെ യൂസാ ആസഫിന്റെ മക്വ്ബറ ഈസാനബിയുടെതാണെന്നും യൂസാ ആസഫ് ഈസാനബിയുടെ മറ്റൊരു പേരാണെന്നും സമർഥിക്കാൻ വേണ്ടി എഴുതിയതാണ് 'മസീഹ് ഹിന്ദുസ്ഥാൻ മേം' (ഈശോമിശിഹാ ഇന്ത്യയിൽ) എന്ന കൃതി. ഇതിന് പക്ഷേ, വേദഗ്രന്ഥങ്ങളുടെയോ ചരിത്ര രേഖകളുടെയോ പിന്തുണയില്ല. അതിലേറെ വിസ്മയപ്പെടുത്തുന്ന കാര്യമാണ്, ഇത് സംബന്ധിച്ച് ഒരു വഹ്‌യും ദർശനവും 'തദ്കിറ'യിൽ ഇല്ല എന്നത്. ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തിൽ മിർസയെ നിയോഗിച്ച 'ദൈവം മൗനംപാലിച്ചു'വെന്ന് സാരം!

എന്നാൽ ഇതിന് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് 'തദ്കിറ'യിലെ ടിപ്പണിയിൽ കൊടുത്ത, ഖാദിയാനിയുടെ പള്ളിയിലെ ഇമാമും ഖത്വീബുമായിരുന്ന മൗലവി അബ്ദുൽ കരീമിന്റെ ഒരു കുറിപ്പിൽ നിന്നു മനസ്സിലാക്കാം.

'ഈയാഴ്ച ഏറെ കൗതുകമുണർത്തുന്നതും അത്ഭുതകരവുമായ ഒരു സംഭവം ഉണ്ടായി. ഹുസൂറിന് ഒരു കത്ത് ലഭിച്ചു. 'കാബൂളിനടുത്ത

ജലാലാബാദിൽ യൂസ് ആസഫ് നബിയുടെ ഒരു മണ്ഡപമുണ്ട്. അതിന്റെ പേരിൽ സർക്കാരിന്റെ ജാഗീറായി ഭൂമിയുമുണ്ട്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് സിറിയയിൽ നിന്ന് വന്നതാണ് ഈ നബിയെന്ന് അവിടെ പ്രസിദ്ധമാണ് എന്ന് 'ഉറച്ച തെളിവുകൾ' സഹിതം അതിൽ വിശദീകരിച്ചിരിക്കുന്നു.

"കത്ത് വായിച്ച മസീഹ് ആനന്ദാതിരേകത്താൽ മതിമറന്നു. അദ്ദേഹം പറഞ്ഞു: 'സർവ ശക്തനായ അല്ലാഹുവാണെ, ആരെങ്കിലും എനിക്ക് കോടിക്കണക്കിന് രൂപ തന്നാൽ പോലും ഞാൻ ഇത്ര സന്തോഷിക്കില്ല. അത്രയേറെ ഈ കത്ത് എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു.' അല്ലാഹുവിന്റെ ജ്ഞാനവും കഴിവും നോക്കുക. ദുഹ്റിന്റെ സമയത്ത് ഈ സ്വപ്നത്തിന്റെ ശരിയായ പുലർച്ച സംഭവിക്കുകയും ചെയ്തു" (പേജ് 280)

ആരാണ് കത്തെഴുതിയത് എന്ന് പോലും ഇവിടെ പറയുന്നില്ല. ആരോ എഴുതിയത് വായിച്ചു സന്തോഷത്താൽ മതിമറക്കുകയാണ് ഖാദിയാനികളുടെ പ്രവാചകൻ. എല്ലാം അനുയായികൾക്ക് വിശ്വസിക്കാതെ തരമില്ലല്ലോ.

ഇത് ഏത് സ്വപ്നത്തിന്റെ പുലർച്ചയായിരുന്നു എന്നുകൂടി നാം അറിയണം. ബ്രിട്ടീഷ് മഹാറാണി പ്രവാചകന്റെ വീട്ടിൽ എഴുന്നള്ളുകയും രണ്ടുദിവസം 'പള്ളിയുറങ്ങുകയും' ചെയ്ത 'മഹത്തായ സ്വപ്നത്തിന്റെ' സാക്ഷാത്കാരമാണത്രേ ഇത്! കാബൂളിലെ മണ്ഡപവുമായി ഇതിന് എന്ത് ബന്ധമാണെന്ന് അനുയായികൾ തന്നെ വിശദീകരിക്കട്ടെ.

**ഈസാനബി(അ)യെ കാണുന്നു!**

താൻ യഥാർഥ ഈസാനബി (അ)യെ സ്വപ്നത്തിലും ജാഗ്രദ് ദർശനത്തിലും പലപ്പോഴും കണ്ടിട്ടുണ്ടെന്ന് മിർസ വിശദീകരിക്കുന്നു. നിങ്ങൾക്ക് അദ്ദേഹത്തെ കാണണമെങ്കിൽ അതിനുള്ള സൂത്രവുംപറയുന്നുണ്ട്:"എത്രയോ തവണ ഞാൻ ഈസായെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. ഏറെ പ്രാവശ്യം ജാഗ്രദ് ദർശനത്തിലും ഞങ്ങൾ സന്ധിക്കുകയും ഒപ്പം ഒരേ പാത്രത്തിൽ ഭക്ഷണം കഴിക്കുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ കണ്ടപ്പോൾ അദ്ദേഹത്തിന്റെ സമുദായം അകപ്പെട്ട ദുരവസ്ഥയെപ്പറ്റി സംസാരിച്ചു. അദ്ദേഹം അസഹ്യത പ്രകടിപ്പിച്ചു. അല്ലാഹുവിന്റെ മഹത്ത്വം പ്രകീർത്തിച്ചു, അവന്റെ സ്തോത്രവും വിശുദ്ധിയും വാഴ്ത്തി. പിന്നീട് നിലത്തേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു: 'ഞാൻ മണ്ണിൽ നിന്നാണ്; ഈ ആരോപണങ്ങളിൽ നിന്നെല്ലാം വിമുക്തനും.' അദ്ദേഹത്തെ വളരെ വിനയാന്വിതനും മൃദുലമനസ്കനുമായാണ് ഞാൻ കണ്ടിട്ടുള്ളത്" (പേജ്: 205, 206).

"ഒരു കശ്ഫിൽ ഞാൻ അദ്ദേഹത്തോട് തന്റെ യഥാർഥ വാദവും അധ്യാപനവും എന്താണെന്ന് ആരാഞ്ഞു. സത്വരശ്രദ്ധ പതിയേണ്ട വലിയൊരു കാര്യമാണത്. വിശ്വാസികളുടെ പാപസുരക്ഷ, ത്രിയേകത്വം, ദൈവപുത്രൻ എന്നിവ യേശു മിശിഹാ വളരെയേറെ വെറുക്കുന്നതും തന്റെ പേരിൽ ആരോപിക്കപ്പെട്ട ഏറ്റവും കൊടിയ ആരോപണവുമായാണ് മനസ്സിലാക്കുന്നത്" (പേജ്: 206).


اِنَّ الدِّیْنَ عِنْدَ اللہِ الْاِسْلَام

نور القرآن

اطلاع

یہ رسالہ نور القرآن بالفعل تین ماہ کے بعد یعنی چوتھے مہینے شائع ہوا کرے گا
اور یہ نمبر تین ماہ یعنی جون، جولائی، اگست ۱۸۹۵ء کے بارے میں ہے
قیمت بالفعل وہی ایک روپیہ سالانہ ہے

راقم خاکسار سراج الحق جمالی نعمانی

**ഈസാനബിയെയും മാതാവിനെയും തെറിവിളിക്കുന്ന 'നൂറുൽ ക്വുർആൻ' ആദ്യ പതിപ്പിന്റെ പുറംചട്ട.**

**'വരൂ, നിങ്ങൾക്കും കാണാം ഈസായെ!'**

"തെളിവൊന്നും ഇല്ലാത്ത വെറും വാക്കുകളല്ല ഇത്. ഏതെങ്കിലും സത്യാന്വേഷി സദുദ്ദേശ്യത്തോടെ ഒരു നിശ്ചിതകാലം എന്നോടൊപ്പം സഹവസിച്ചാൽ, അയാൾ മസീഹിനെ കാണണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ ശ്രദ്ധയും പ്രാർഥനയും കാരണമായി നിശ്ചയമായും അദ്ദേഹത്തെ കാണുവാനും സംസാരിക്കുവാനും കഴിയും. വേണമെങ്കിൽ അദ്ദേഹത്തോട് സാക്ഷ്യവും ചോദിച്ചറിയാം. കാരണം യേശു മസീഹിന്റെ ആത്മാവാണ് അവതാരം(ബുറൂസ്) എന്ന നിലയിൽ എന്നിൽ കുടികൊള്ളുന്നത്" (പേജ്: 206).

ഈ അവസാനം പറഞ്ഞ സംഗതി കൊള്ളാമായിരുന്നു. പക്ഷേ, അവതാരവും മരിച്ചുപോയല്ലോ! അദ്ദേഹത്തിന്റെ പ്രതിനിധികൾക്ക് ഇതിനാവുമോ? 'അല്ലാഹുവിൽനിന്ന് ഇപ്പോഴും നിരന്തരമായി വഹ്യ് ലഭിച്ചുകൊണ്ടിരിക്കുന്നു' എന്ന് അവകാശപ്പെടുന്ന ഖലീഫമാരുടെ സഹവാസം മതിയാവുമോ? എങ്കിൽ നമുക്ക് ഈസാ നബിയോട് സാക്ഷ്യം ചോദിക്കുന്നതിനു പകരം എല്ലാ കാര്യങ്ങളും നേരിട്ടന്വേഷിക്കാൻ മരിച്ചുപോയ സദൃശമസീഹിനെത്തന്നെ ഒന്ന് കാണാമായിരുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷിച്ചറിയാമായിരുന്നു. ലാഹോരികൾ പറയുന്നതുപോലെ നുബുവ്വത്ത് വാദം ഖാദിയാനി വിഭാഗത്തിന്റെ ആരോപണം മാത്രമായിരുന്നോ, അതല്ല മുസ്‌ലിംകൾ പറയുന്നപോലെ മുസൈലിമതുൽ കദ്ദാബിന്റെ സഹോദരനായിരുന്നുവോ അയാൾ? അതോടെ എല്ലാ തർക്കങ്ങൾക്കും പരിഹാരമാകുമായിരുന്നു! ■



# ആയുസ്സിനുണ്ടോ ഗ്യാരന്റി?

ഇബ്നു അലി എടത്തനാട്ടുകര

വീട്ടിൽ പൂമുഖത്ത് ഒരു ഫാൻ ഉണ്ടായിരുന്നു. താമസം തുടങ്ങിയപ്പോൾ കൂട്ടുകാർ സമ്മാനിച്ച, നീണ്ട ലീഫുകൾ ഉള്ള, തവിട്ടുനിറത്തിൽ ഒരെണ്ണം. കാലം നോക്കാതെ കൊല്ലങ്ങൾ കറങ്ങി. വട്ടത്തിൽ ഓടിത്തളർന്ന് സ്പീഡ് കുറയുകയും ശബ്ദം കൂടുകയും മറ്റും ചെയ്തപ്പോൾ പുതിയ ഒരെണ്ണം വേണം എന്ന ആലോചന തുടങ്ങി. മക്കൾ സംഗതി ഏറ്റെടുത്തതോടെ, റിമോട്ട് കൺട്രോളിൽ പ്രവർത്തിക്കുന്ന പേരു കേട്ട ഫ്രീക്കൻ ഫാനൊരെണ്ണം ഓൺലൈനായി വാങ്ങി.

സംഗതി കൊറിയറിൽ വീട്ടിലെത്തി. ദിവസങ്ങൾക്കുള്ളിൽ ടെക്നീഷ്യൻ വന്നു പങ്ക ഘടിപ്പിച്ച് കറക്കിയുറപ്പാക്കി മടങ്ങിപ്പോയി. ആഴ്ചകൾക്കുള്ളിൽ പങ്ക പണിമുടക്കി. കറങ്ങുമ്പോൾ പുകയും ശബ്ദവും! ഓൺലൈനിൽ സമർപ്പിച്ച പരാതി പരിശോധിക്കാൻ വിദഗ്ധൻ വന്നു. ചില്ലറ സാധങ്ങൾ മാറ്റി. ഫാൻ പൂർവസ്ഥിതിയിലാക്കി, സന്തോഷം.

എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇടിയുടെ അകമ്പടിയോടെ പെയ്തൊരു മഴവേളയിൽ ഫാൻ ഞെട്ടിവിറച്ചു കറക്കം നിറുത്തി. ദിവസങ്ങൾക്കുള്ളിൽ വീണ്ടും തകരാർ! വീണ്ടും ഓൺലൈൻ പരാതി ബുക്ക് ചെയ്ത് കാത്തിരുന്നു. ടെക്നീഷ്യൻ വന്നു പരിശോധിച്ച് യന്ത്രം മൊത്തം മാറ്റണം എന്ന് വിധിച്ചു. ഗ്യാരന്റി കാലാവധി തീരാത്തതുകൊണ്ട് യന്ത്രം കൊറിയറിൽ വന്നു.

വീണ്ടും ടെക്നീഷ്യൻ എത്തി, ഫിറ്റ് ചെയ്ത് തിരികെപ്പോയി. ആശ്വസിച്ച ഞങ്ങളെ ആശങ്കയിൽ ആഴ്ത്തിക്കൊണ്ട് ആഴ്ചകൾക്കുള്ളിൽ വീണ്ടും പങ്ക പണിമുടക്കി. ഓ, വല്ലാത്തൊരു പുലിവാല്! ആളെ നേരിട്ട് കാണേണ്ടതില്ലാത്തതുകൊണ്ട് വീണ്ടും ഓൺലൈനിൽ പരാതി ബുക്ക് ചെയ്തു. ഫോൺ വിളിച്ച് ഉറപ്പാക്കിയ ശേഷം ടെക്കി വീണ്ടും വന്നു. റിപ്പയർ ചെയ്ത് തിരികെ പോയി.

ഈ മൂന്ന് അറ്റകുറ്റപ്പണികൾ തീർന്നപ്പോഴേക്കും ഗ്യാരന്റി പീരിയഡ് കഴിഞ്ഞു. ഇനിയും കാറ്റ് യന്ത്രം പിണങ്ങിയാൽ കയ്യിൽനിന്ന് കാശ് മുടക്കി ശരിപ്പെടുത്തേണ്ടി വരും എന്ന് ആശങ്കപ്പെട്ടു. ഇനിയെങ്കിലും കേടുവരാതെ നല്ല വഴിക്ക് നടക്കട്ടെ കാറ്റാടി എന്ന് ആഗ്രഹിച്ചു.

അപ്രതീക്ഷിതമായി, ഫാനിന്റെ ഗ്യാരന്റി സമയം ഒരു വർഷത്തേക്കുകൂടി നീട്ടിയതായി മെസ്സേജ് കിട്ടി! വൈകാതെ മേൽ ഉത്തരവ് തപാലിലും കിട്ടി. വാങ്ങി, ചുരുങ്ങിയ മാസങ്ങൾകൊണ്ട് മൂന്നുതവണ കേടുവന്ന ഫാൻ ആദ്യം അറ്റകുറ്റപ്പണി ചെയ്തുതന്നു. പിന്നെ പാർട്സ് മാറ്റിത്തന്നു, വീണ്ടും റിപ്പയർ ചെയ്തു. ഒരു തവണ യന്ത്രം ഏതാണ്ട് മുഴുവനായി മാറ്റി സ്ഥാപിക്കുകയും ചെയ്തു. അത് പോരാഞ്ഞ് ഒരു കൊല്ലം ഗ്യാരന്റി നീട്ടിത്തരികയും ചെയ്തിരിക്കുന്നു. കേവലം 5000 രൂപയിൽ താഴെ വിലയുള്ള ഒരു ഉപകരണത്തിനാണ് ഈ ഉറപ്പുകൾ...!

എന്നാൽ മനുഷ്യജീവന്, ആയുസ്സിന് വല്ല ഗാരന്റിയുമുണ്ടോ? ഇല്ല, ഒട്ടും ഇല്ല! തീർന്നാൽ തീർന്നു. അത്ര തന്നെ. ജീവിതത്തിന് ഒരു റീ ടേക് ഇല്ലല്ലോ. ജീവിതപ്പരീക്ഷ ഒറ്റത്തവണയേ ഉള്ളൂ. ഒരു ബെറ്റർമെന്റ് ചാൻസ് ഇല്ല. ഒരേയൊരു അവസരം. അത് മിസ്സായായാൽ കഴിഞ്ഞു കഥ.

കരുതിയിരിക്കുക. മരണത്തിന്റെ മലക്ക് ക്ഷണിക്കാതെ, മുന്നറിയിപ്പൊന്നുമില്ലാതെയിങ്ങു കേറി വരും. പ്രായമോ സ്ഥലമോ നേരമോ കാലമോ ഒന്നും ഒട്ടും പരിഗണിക്കില്ല. നിർമാതാവ് നിശ്ചയിച്ച ഗ്യാരന്റി സമയം കഴിഞ്ഞാൽ കഴിഞ്ഞതുതന്നെ.

“ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടിക്കൊടുക്കുകയേ ഇല്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു” (ക്വുർആൻ 63:11).



# സ്വർഗനരകങ്ങളുടെ സവിശേഷത

**ഇബ്‌റാഹീം ഇബ്‌നു മൂസ**
: 8075 254 548

അബൂഹുറയ്‌റ (റ) നിവേദനം: "നബി(സ്വ) പറഞ്ഞു: 'നരകം ദേഹേച്ഛകൾകൊണ്ട് പൊതിയപ്പെട്ടിരിക്കുന്നു; സ്വർഗം വെറുക്കപ്പെട്ടവകൊണ്ടും പൊതിയപ്പെട്ടിരിക്കുന്നു'' (ബുഖാരി, മുസ്‌ലിം).

അല്ലാഹു സ്വർഗത്തെ പ്രയാസമുള്ള കാര്യങ്ങൾകൊണ്ട് മൂടിയിരിക്കുന്നു. അതായത്, സ്വർഗത്തിലേക്ക് എത്തിപ്പെടാനുള്ള മാർഗം ചില പ്രയാസങ്ങൾ നേരിട്ടുകൊണ്ടല്ലാതെ കടക്കാനാവില്ല. ആരെല്ലാം അവ മുറിച്ചു കടക്കുന്നുവോ, അവർക്ക് സ്വർഗത്തിലേക്ക് പ്രവേശിക്കാൻ കഴിയും.

എന്നാൽ, നരകത്തെ അല്ലാഹു മനുഷ്യരുടെ മനസ്സുകൾക്ക് താൽപര്യമുള്ളവകൊണ്ടാണ് മൂടിയിരിക്കുന്നത്. അതിലേക്ക് പെട്ടെന്ന് മനുഷ്യർ വീണുപോയേക്കാം. അവ ചെയ്യുന്നതിൽ അവന് പ്രയാസമോ ബുദ്ധിമുട്ടോ ഉണ്ടാകുന്നില്ല; ചിലപ്പോൾ ശാരീരികവും മാനസികവുമായ ചില സുഖങ്ങൾ അതിൽ അവന് കണ്ടെത്താൻ കഴിഞ്ഞേക്കാം. പക്ഷേ, അത് പ്രവർത്തിച്ചു കഴിഞ്ഞാൽ; അവൻ നരകത്തിന്റെ മറ തുറന്നിരിക്കുന്നു. അതിലേക്ക് അവൻ വീഴാനുള്ള സാധ്യത വർധിച്ചിരിക്കുന്നു.

ഈ നബിവചനത്തിന്റെ പ്രത്യേകതയായി ഇബ്നു ഹജർ അൽഅസ്ഖലാനി പറഞ്ഞു: "നബി(സ്വ)യുടെ 'ജവാമിഉൽ കലിമി'ൽ പെട്ടതാണ് ഈ ഹദീസ്. (അനേകം ആശയം ഉൾക്കൊള്ളുന്ന, ചുരുങ്ങിയ വാക്കുകൾ മാത്രമുള്ള സംസാരത്തിനാണ് 'ജവാമിഉൽ കലിം' എന്ന് പറയുക). ദേഹേച്ഛകൾ-അവയോട് മനസ്സിന് താൽപര്യമുണ്ടെങ്കിൽ കൂടി-അവയെ ആക്ഷേപിക്കുകയും, നന്മകൾ-അവ മനസ്സിന് വെറുപ്പും ശരീരത്തിന് പ്രയാസവുമുണ്ടാക്കുന്നെങ്കിൽ കൂടി-അവയിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഹദീസുകളിലൊന്നാണിത്."

മനസ്സിന് ഇഷ്ടം തോന്നുന്ന 'ദേഹേച്ഛകൾ' എന്നത് കൊണ്ടുള്ള ഉദ്ദേശ്യം എന്താണ്? മനസ്സിന് ഇഷ്ടം തോന്നുന്നവ രണ്ട് തരത്തിലാണ്. ഒന്ന്) അല്ലാഹു നിഷിദ്ധമാക്കിയവ. രണ്ട്) അല്ലാഹു അനുവദിച്ചവ.

അല്ലാഹു നിഷിദ്ധമാക്കിയ, എന്നാൽ ചിലരുടെ മനസ്സിന് താൽപര്യം ഉണ്ടായേക്കാവുന്ന കാര്യങ്ങൾ ധാരാളമുണ്ട്. പൊതുവെ നിഷിദ്ധ കാര്യങ്ങളോട് പിശാചിന്റെ പ്രേരണമൂലവും താൽപര്യം തോന്നാൻ സാധ്യതയുണ്ട്. ഉദാഹരണത്തിന് വ്യഭിചാരം. അത് അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ടെങ്കിലും മനസ്സുകൾക്ക് അതിൽ ചിലപ്പോൾ താൽപര്യം തോന്നിയേക്കാം. പരദൂഷണവും ഏഷണിയും ഇതുപോലെ തന്നെ. അതിനോട് മനുഷ്യന്റെ മനസ്സ് ചിലപ്പോൾ നിഷിദ്ധങ്ങളിലേക്ക് ചാഞ്ഞുപോയേക്കാം.

എന്നാൽ മനസ്സിന് ഇഷ്ടമുണ്ടാകുന്ന എല്ലാ കാര്യങ്ങളും അല്ലാഹു നിരോധിച്ചിട്ടില്ല. ഉദാഹരണത്തിന്; അനുവദനീയമായ ഭക്ഷണം കഴിക്കുകയെന്നത്. നിർദോഷകരമായതും കളവല്ലാത്തതുമായ തമാശകൾ; ഉറക്കം, സംസാരം, അനുവദനീയമായ വിനോദങ്ങൾ പോലുള്ളവയും അനുവദനീയമായ, മനസ്സിന് ഇഷ്ടം തോന്നുന്ന കാര്യങ്ങൾ തന്നെ.



**അല്ലാഹു നിഷിദ്ധമാക്കിയ, എന്നാൽ ചിലരുടെ മനസ്സിന് താൽപര്യം ഉണ്ടായേക്കാവുന്ന കാര്യങ്ങൾ ധാരാളമുണ്ട്. പൊതുവെ നിഷിദ്ധ കാര്യങ്ങളോട് പിശാചിന്റെ പ്രേരണമൂലവും താൽപര്യം തോന്നാൻ സാധ്യതയുണ്ട്. ഉദാഹരണത്തിന് വ്യഭിചാരം. അത് അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ടെങ്കിലും മനസ്സുകൾക്ക് അതിൽ ചിലപ്പോൾ താൽപര്യം തോന്നിയേക്കാം. പരദൂഷണവും ഏഷണിയും ഇതുപോലെ തന്നെ. അതിനോട് മനുഷ്യന്റെ മനസ്സ് ചിലപ്പോൾ നിഷിദ്ധങ്ങളിലേക്ക് ചാഞ്ഞുപോയേക്കാം. എന്നാൽ മനസ്സിന് ഇഷ്ടമുണ്ടാകുന്ന എല്ലാ കാര്യങ്ങളും അല്ലാഹു നിരോധിച്ചിട്ടില്ല. ഉദാഹരണത്തിന്; അനുവദനീയമായ ഭക്ഷണം കഴിക്കുകയെന്നത്. നിർദോഷകരമായതും കളവല്ലാത്തതുമായ തമാശകൾ; ഉറക്കം, സംസാരം, അനുവദനീയമായ വിനോദങ്ങൾ പോലുള്ളവയും അനുവദനീയമായ, മനസ്സിന് ഇഷ്ടം തോന്നുന്ന കാര്യങ്ങൾ തന്നെ.**

എന്നാൽ ഇതുപോലുള്ള, അല്ലാഹു അനുവദിച്ച; മനസ്സിന് ഇഷ്ടമുള്ള കാര്യങ്ങൾ എത്ര വേണമെങ്കിലും ചെയ്യാമോ? പാടില്ല. സംസാരവും ഉറക്കവും തമാശയും ഭക്ഷണവുമെല്ലാം വല്ലാതെ അധികരിപ്പിക്കുന്നത് വെറുക്കപ്പെട്ട കാര്യമാണ് (മക്റൂഹ്). അതിരു കവിയുന്നതിനെതിരെ ക്വുർആൻ ശക്തമായി താക്കീതു നൽകുന്നതായി കാണാം. അനുവദനീയമായ കാര്യമാണെങ്കിലും അത് അധികരിപ്പിക്കുന്നത് ചിലപ്പോൾ ഹറാമിലേക്ക് നയിച്ചേക്കാം. ഉദാഹരണത്തിന്; തമാശ അധികരിച്ചാൽ അത് പലപ്പോഴും മറ്റുള്ളവരെ പരിഹസിക്കുന്നതിലേക്കും തരംതാഴ്ത്തുന്നതിലേക്കും എത്തിച്ചേരാൻ സാധ്യതയുണ്ട്. അമിതമായ വിനോദം ഇബാദത്തുകളിൽ നിന്ന് മനുഷ്യനെ അശ്രദ്ധനാക്കുന്നു. അനാവശ്യമായി സമയം നഷ്ടപ്പെടുത്തലും ഇത്തരം കാര്യങ്ങൾ അധികരിപ്പിക്കുന്നതിന്റെ ദോഷഫലത്തിൽ പെടുന്നു.

ചെയ്യാൻ പ്രയാസമുള്ള, മനസ്സിന് വെറുപ്പുള്ള കാര്യങ്ങൾ ഏതെല്ലാമാണ്? ഇബാദത്തുകൾ നിലനിർത്തുക, അല്ലാഹുവിന്റെ ദീനിനെ കുറിച്ച് പഠിക്കുക, ദേഷ്യം അടക്കിവെക്കുക, ക്ഷമിക്കുക, തിന്മയെ നന്മകൊണ്ട് നേരിടുക, പൊറുത്തു കൊടുക്കുക, ദാനധർമം ചെയ്യുക, തന്നോട് അതിക്രമം പ്രവർത്തിച്ചവരോടും നന്മ ചെയ്യുക ഇവയെല്ലാം നന്മയാണ്; എന്നാൽ ചെയ്യാൻ പ്രയാസമുള്ള കാര്യങ്ങളാണ്. മനുഷ്യന്റെ മനസ്സ് സ്വാഭാവികമായും ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് അകൽച്ചയും വെറുപ്പും കാണിക്കും; അല്ലാഹു

വിന്റെ കാരുണ്യം സിദ്ധിച്ച ചിലർക്കൊഴികെ തിന്മകളിൽനിന്ന് വിട്ടുനിൽക്കലും മേൽ പറഞ്ഞതിൽ ഉൾപ്പെടും. ഉദാഹരണത്തിന്; വ്യഭിചാരത്തിൽനിന്ന് അകന്നുനിൽക്കൽ, മറ്റുള്ളവന്റെ സമ്പാദ്യം അന്യായമായി നേടാതിരിക്കുന്നത്, പരദൂഷണവും ഏഷണിയും ഒഴിവാക്കൽ...

എന്നാൽ മനസ്സിന്റെ ഈ ഇച്ഛകൾക്ക് വിരുദ്ധമായി നിലകൊള്ളുകയും ക്ഷമയോടും സഹനത്തോടും കൂടി അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച്, അവന്റെ വിലക്കുകൾ വെടിഞ്ഞ് മുന്നോട്ടു പോകാൻ കഴിയുകയും ചെയ്യുന്നവർക്കാണ് സ്വർഗ പ്രവേശനമുണ്ടായിരിക്കുക.

**മനസ്സിൽ നന്മകളോട് ഇഷ്ടമുണ്ടാകുന്നത് എങ്ങനെ? ഏതൊരു നന്മയും സ്രഷ്ടാവായ അല്ലാഹുവിന് ഇഷ്ടവും തൃപ്തിയുമുണ്ടാക്കുന്നുണ്ടെന്ന ഉറച്ച ബോധ്യം നന്മകളിലേക്ക് നമ്മെ അടുപ്പിക്കും. നാം ഏതൊരു നന്മ ചെയ്യുമ്പോഴും അല്ലാഹു നമ്മെ കൂടുതൽ കൂടുതൽ ഇഷ്ടപ്പെടുന്നുണ്ട്. അവനിലേക്ക് നാം മുമ്പുള്ളതിനെക്കാൾ അടുക്കുന്നുണ്ട്. ഈ ചിന്ത നന്മകളോടുള്ള ഇഷ്ടം വളർത്തും. ഏതൊരു നന്മയും നമ്മുടെ റസൂൽ(സ്വ) അതിന്റെ പൂർണമായ രൂപത്തിൽ ചെയ്തു കാണിച്ചിരിക്കുന്നു. അവിടുത്തോടുള്ള നമ്മുടെ സ്നേഹം എത്രമാത്രം വർധിക്കുന്നോ; അത്രമാത്രം അവിടുത്തെ പിൻപറ്റി ജീവിക്കാനുള്ള നമ്മുടെ മോഹവും വർധിക്കും.**

മനുഷ്യന്റെ മനസ്സിൽ ദേഹേച്ഛകളോട് താൽപര്യവും ചായ്‌വുമുണ്ടാകുമെന്ന് സൂചിപ്പിച്ചു. ദേഹേച്ഛകളെ വെറുക്കാനും അകറ്റിനിർത്താനും കഴിയണം. ഒരാളുടെ മനസ്സിൽ ഈമാൻ ഉറച്ചുകഴിഞ്ഞാൽ സ്വാഭാവികമായും തിന്മകളെ അവൻ വെറുത്തുതുടങ്ങും. എന്നാൽ, ഈമാൻ ശക്തിപ്പെടുത്താതെ, അതിനെ ശ്രദ്ധിക്കാതെ വിട്ടാലാകട്ടെ; തിന്മകളോട് അതിന് താൽപര്യം വർധിക്കുകയും ചെയ്യും.

സ്വഹാബികളെ കുറിച്ച് അല്ലാഹു പറഞ്ഞതു നോക്കൂ: "എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ" (ക്വുർആൻ 49:7).

ഹറാമിന്റെ പരിണിത ഫലങ്ങളെ കുറിച്ചുള്ള ചിന്തയും അതിനെ വെറുക്കാൻ മനസ്സിനെ ശീലിപ്പിക്കും. കാരണം, ഏതൊരു നിഷിദ്ധമായ കാര്യമാകട്ടെ; അതുകൊണ്ട് ലഭിക്കുന്ന സുഖം കുറച്ചു കഴിഞ്ഞാൽ പ്രയാസങ്ങൾ കൊണ്ടുവരാതിരിക്കില്ല. മനസ്സിന്റെ കാഠിന്യവും സങ്കടവും വിഷമവുമെല്ലാം തിന്മയുടെ ശേഷം വരുന്ന ചില ഫലങ്ങൾ മാത്രം. അതിനെല്ലാം പുറമെ പരലോകത്ത് ലഭിക്കാനിരിക്കുന്ന ശിക്ഷ വേറെയും. ഇവ ഓർക്കുന്നത് ഹറാമിനെ വെറുക്കാൻ സഹായിക്കും.

ചെറുപ്രായം മുതൽതന്നെ ഹറാമിൽനിന്ന് കുട്ടികളെ അകറ്റിനിർത്തുകയും, അതിന്റെ ഗൗരവം മനസ്സിൽ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നതും ഉപകാരപ്രദമാണ്. സച്ചരിതരായ കൂട്ടുകാരും തിന്മയിൽ നിന്ന് അകറ്റി നിർത്തും. മനസ്സിൽ തട്ടിയുള്ള പ്രാർഥനയും കൃത്യനിഷ്ഠയോടെയും ആത്മാർഥമായും നമസ്കരിക്കുന്നതും സ്ഥിരമായുള്ള ക്വുർആൻ പാരായണവുമെല്ലാം തിന്മകളെ വെറുക്കാൻ സഹായിക്കുന്ന ചില മാർഗങ്ങളാണ്.

മനസ്സിൽ നന്മകളോട് ഇഷ്ടമുണ്ടാകുന്നത് എങ്ങനെ? ഏതൊരു നന്മയും സ്രഷ്ടാവായ അല്ലാഹുവിന് ഇഷ്ടവും തൃപ്തിയുമുണ്ടാക്കുന്നുണ്ടെന്ന ഉറച്ച ബോധ്യം നന്മകളിലേക്ക് നമ്മെ അടുപ്പിക്കും. നാം ഏതൊരു നന്മ ചെയ്യുമ്പോഴും അല്ലാഹു നമ്മെ കൂടുതൽ കൂടുതൽ ഇഷ്ടപ്പെടുന്നുണ്ട്. അവനിലേക്ക് നാം മുമ്പുള്ളതിനെക്കാൾ അടുക്കുന്നുണ്ട്. ഈ ചിന്ത നന്മകളോടുള്ള ഇഷ്ടം വളർത്തും. ഏതൊരു നന്മയും നമ്മുടെ റസൂൽ(സ്വ) അതിന്റെ പൂർണമായ രൂപത്തിൽ ചെയ്തു കാണിച്ചിരിക്കുന്നു. അവിടുത്തോടുള്ള നമ്മുടെ സ്നേഹം എത്രമാത്രം വർധിക്കുന്നോ; അത്രമാത്രം അവിടുത്തെ പിൻപറ്റി ജീവിക്കാനുള്ള നമ്മുടെ മോഹവും വർധിക്കും.

ആരാധനകൾ അത് വളരെ കുറച്ചാണെങ്കിലും സ്ഥിരമായി ചെയ്യുക എന്നതും ഉപകാരപ്രദമായ മറ്റൊരു വഴിയാണ്. സ്ഥിരമായി ഇബാദത്തുകൾ ചെയ്യുന്നത് ശീലമാക്കിയാൽ പിന്നീട് അത് ഒഴിവാക്കുന്നതായിരിക്കും നമുക്ക് പ്രയാസമാവുക. നബി(സ്വ)ക്ക് നമസ്കാരത്തിലായിരുന്നു കൺകുളിർമ ലഭിച്ചിരുന്നത് എന്ന ഹദീസ് ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട് എന്നാണ് അഹ്‌ലുസ്സുന്ന വൽജമാഅയുടെ അക്വീദ(വിശ്വാസം). അതിലേക്കുള്ള സൂചന ഈ ഹദീസിലുണ്ട്. വിധിവിശ്വാസത്തെ നിഷേധിച്ച പിഴച്ച കക്ഷിയായ 'ക്വദ്‌രിയ്യാ'ക്കളും ബുദ്ധിക്ക് പ്രമാണങ്ങളെക്കാൾ പ്രാധാന്യം നൽകിയ 'മുഅ്തസില' വിഭാഗവുമല്ലാതെ ഇക്കാര്യം നിഷേധിച്ചിട്ടില്ല. ■



# ശരീഅത്തും ഒരു സർവവേദ സത്യവാദിയുടെ വിവരക്കേടും

**അബ്ദുൽ മാലിക് സലഫി**
: 96565 30656

ശരീഅത്ത് നിയമവുമായി ബന്ധപ്പെട്ട ഒരു ചാനൽ ചർച്ചയിൽ പങ്കെടുത്ത് സി.എച്ച് മുസ്തഫ എന്ന വ്യക്തി തട്ടിവിട്ട ചില പൊട്ടത്തരങ്ങൾ ശ്രവിക്കാനിടയായി. അതുമായി ബന്ധപ്പെട്ടാണ് ഈ കുറിപ്പ്.

ഇസ്‌ലാമിക ശരീഅത്തിന്റെ ആദ്യദിനം മുതൽക്കുതന്നെ ഹൃദയത്തിൽ രോഗമുള്ള ചിലർ അതിനെ വിമർശിച്ചു വന്നിട്ടുണ്ട്. പതിനാല് നൂറ്റാണ്ട് പിന്നിട്ടിട്ടും പക്ഷേ, ശരീഅത്ത് നിയമങ്ങളുടെ സാർവകാലികത കൂടുതൽ പ്രോജ്ജ്വലമായി വെളിപ്പെടുകയും വിമർശകർ ഇളിഭ്യരാവുകയും ചെയ്യുന്നു എന്നല്ലാതെ മറ്റൊന്നും സംഭവിച്ചിട്ടില്ല. ഇതിനപ്പുറം ഇനി ഒന്നും സംഭവിക്കാനും പോകുന്നില്ല.

ഇസ്‌ലാമിക ശരീഅത്ത് ദൈവികവും സമ്പൂർണവും സാർവകാലികവും അന്യൂനവുമാണ്. കാലങ്ങൾക്കനുസരിച്ച് അതിൽ എഡിറ്റിങ്ങിന്റെ ആവശ്യമില്ല. അതിനാൽതന്നെ ഇസ്‌ലാംവിരുദ്ധരുടെ കണ്ണിലെ കരടുതന്നെയാണത്. ശരീഅത്തിനെതിരെ ആര് ശബ്ദിച്ചാലും അത്തരക്കാരെ പിന്തുണക്കാൻ നിരവധി 'നിരാശാവിമർശകർ' ഒത്തുകൂടുന്നത് ഇതിനാലാണ്!

ഇന്ത്യയിൽ ശരീഅത്ത് നിയമങ്ങൾക്കെതിരെയുള്ള അപശബ്ദങ്ങൾ പുതിയതല്ല. 1985-86 കാലത്തെ ഷാബാനു കേസ് നാം മറന്നിട്ടില്ല. പ്രതിഷേധം ശക്തി പ്രാപിച്ചപ്പോൾ രാജീവ് ഗാന്ധി സർക്കാർ മുസ്‌ലിം വനിതാ നിയമം (Muslim Women Protection of Rights on Divorce Act) പാസ്സാക്കിയ ചരിത്രവും നമ്മൾ ഓർക്കുന്നുണ്ട്.

ഇസ്‌ലാം പക ഉള്ളിലൊളിപ്പിച്ച് ശരീഅത്തിനെയും ഇസ്‌ലാമിക പ്രമാണങ്ങളെയും വിമർശിച്ചിരുന്ന അബുൽ ഹസൻ ചേകനൂർ ശരീഅത്ത് വിമർശകനായിരുന്നു. അയാളുടെ പിറകെ നടക്കാൻ കോലം കെട്ടിയ വ്യക്തിയാണ് സി.എച്ച് മുസ്തഫ. ശ്രീനാരായണ ഗുരുവിന്റെ ആത്മീയതയിലാണ് താൻ ആകൃഷ്ടനായിട്ടുള്ളത് എന്ന് തുറന്ന് പറയുന്ന ടിയാൻ, ഇറാനുമായി ബന്ധം സ്ഥാപിച്ച് ജൂതമതക്കാരുടെ സൃഷ്ടിയായ ശീഇകളുമായി കൈകോർത്ത് ഇസ്‌ലാമിക പ്രമാണങ്ങളെ 'നവീകരിച്ച്' അവതരിപ്പിക്കാനും പ്രവാചകാനുയായികളെ ഭത്സിക്കാനും നടത്തുന്ന പാഴ്‌വേലകൾ കേരള മുസ്‌ലിം സമുഹം ഇതിനകം തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽതന്നെ ചാനലുകാർക്ക് ഇയാൾ 'പ്രിയങ്കരനാ'കുന്നതിൽ അത്ഭുതമില്ല.

ഇയാൾ തട്ടിവിട്ട ജഹാലത്തുകൾ ആരെയും അമ്പരപ്പിക്കാതിരിക്കില്ല! 'ശരീഅത്ത് എന്നത് മതമല്ല, അത് വ്യവഹാര നിയമങ്ങളാണ്' എന്നതാണ് മൂപ്പരുടെ 'ഇമ്മിണി ബല്യേ' കണ്ടുപിടുത്തം! അതിനാൽ അത് നവീകരിക്കണമെന്നും അയാൾ ആവശ്യപ്പെടുന്നുണ്ട്. മതം നവീകരിക്കണമെന്ന് പറഞ്ഞാൽ അതിന് മാർക്കറ്റ് കിട്ടില്ല എന്ന് ടിയാന് ബോധ്യമുണ്ടാവാം. അതിനാൽ മതവും ശരീഅത്തും രണ്ടും രണ്ടാക്കിയാൽ ഇസ്‌ലാമിനെ തുണ്ടാക്കാനുള്ള ശ്രമം എളുപ്പത്തിൽ നടത്താമല്ലോ. അല്ലെങ്കിലും ഇയാളുടെ ശൈലി അങ്ങനെയാണ്. സർവമത സത്യവാദം ചേകനൂർ പറഞ്ഞുവച്ചു. അതിന് വലിയ മാർക്കറ്റ് ലഭിച്ചില്ല. ഇക്കാര്യം മനസ്സിലാക്കിയ കക്ഷി പറഞ്ഞത് സർവവേദ സത്യവാദമാണ്! രണ്ടും ഒന്നു തന്നെ!

മതവും ശരീഅത്തും രണ്ടല്ല, ഒന്നു തന്നെയാണ്. ഇതാണ് വസ്തുത. ഒരു കാര്യത്തിൽ മതത്തിന് ഒരു നിയവവും ശരീഅത്തിന് മറ്റാരു നിയമവും എന്നൊന്നില്ല!

അല്ലാഹു പറയുന്നു: "പിന്നീട് താങ്കളെ നാം ഒരു ശരീഅത്തിലാക്കിയിരിക്കുന്നു. ആകയാൽ നീ അതിനെ പിന്തുടരുക. അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്'' (ജാസിയ:18).

നബി(സ്വ) പഠിപ്പിച്ച കാര്യങ്ങളെയാണിവിടെ 'ശരീഅത്ത്' എന്ന് അല്ലാഹു പറയുന്നത്. അതു തന്നെയാണ് മതവും. മതത്തിന്റ പര്യായമാണ് ശരീഅത്ത്. 'ശറഅ ലകും മിനദ്ദീനി' എന്ന പ്രയോഗം തന്നെ ക്വുർആനിലുണ്ട് (ശൂറാ:13). അഥവാ ഒരു കാര്യത്തെ ദീനാക്കി നിശ്ചയിക്കുന്നതിന് 'ശറഅ' എന്നാണ് അല്ലാഹു പ്രയാഗിച്ചത്. അതിനാൽ, മതമല്ല ശരീഅത്ത് എന്ന മുസ്തഫയുടെ വാദം തനിച്ച വിവരക്കേടും മതത്തെ നവീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാണ്.

'നാല് മദ്ഹബുകൾ നാല് ശരീഅത്താണ്' എന്നതാണ് കക്ഷിയുടെ മറ്റൊരു ജഹാലത്ത്! മദ്ഹബുകൾ എന്താണ് എന്നോ, ഇസ്‌ലാമിലെ ഫിക്വ്ഹ് എന്താണ് എന്നോ പുള്ളിക്ക് ലവലേശം പിടിപാടില്ല എന്നതിന് തെളിവാണിത്! അരപ്പണി ആശാനെയും കാണിക്കരുത് എന്നേ പറയാനുള്ളൂ!

നാല് മദ്ഹബുകൾ ശരീഅത്ത് മനസ്സിലാക്കാനുള്ള നാല് കവാടങ്ങളാണ് യഥാർഥത്തിൽ. തങ്ങൾക്കു ലഭിച്ച പ്രമാണമനുസരിച്ചും ഗവേഷണാത്മക വിഷയങ്ങളിൽ ഗവേഷണം നടത്തിയും ഇമാമുകൾ ഗ്രഹിച്ച കാര്യങ്ങളെ പിൽക്കാല പണ്ഡിതർ ക്രോഡീകരിച്ചതാണ് നാല് മദ്ഹബുകളും. മദ്ഹബുകൾക്കിടയിൽ ഭിന്നസ്വരങ്ങളുള്ളവ ഏകസ്വരമുള്ളവയെ അപേക്ഷിച്ച് എത്രയോ ഇരട്ടി കുറവാണ്! ഇമാമുകളുടെ ഉന്നതമായ ബൗദ്ധിക നിലവാരത്തിന്റെ തെളിവാണ് മദ്ഹബുകൾ! അതല്ലാതെ അവർ നാല് ശരീഅത്ത് പടച്ചുണ്ടാക്കിയതല്ല. ഒരു ശരീഅത്തിനെയാണ് നാല് മദ്ഹബും പിന്തുടരുന്നത്. നൂതന വിഷയങ്ങളിൽ തങ്ങൾ മനസ്സിലാക്കിയതനുസരിച്ച് പ്രമാണ പക്ഷത്തുനിന്ന് കാര്യങ്ങളെ അപഗ്രഥിക്കുകയാ

> **ഇസ്‌ലാം പക ഉള്ളിലൊളിപ്പിച്ച് ശരീഅത്തിനെയും ഇസ്‌ലാമിക പ്രമാണങ്ങളെയും വിമർശിച്ചിരുന്ന അബുൽ ഹസൻ ചേകനൂർ ശരീഅത്ത് വിമർശകനായിരുന്നു. അയാളുടെ പിറകെ നടക്കാൻ കോലം കെട്ടിയ വ്യക്തിയാണ് സി.എച്ച് മുസ്തഫ. ശ്രീനാരായണ ഗുരുവിന്റെ ആത്മീയതയിലാണ് താൻ ആകൃഷ്ടനായിട്ടുള്ളത് എന്ന് തുറന്ന് പറയുന്നടിയാൻ, ഇറാനുമായി ബന്ധം സ്ഥാപിച്ച് ജൂതമതക്കാരുടെ സൃഷ്ടിയായ ശീഇകളുമായി കൈകോർത്ത് ഇസ്‌ലാമിക പ്രമാണങ്ങളെ 'നവീകരിച്ച്' അവതരിപ്പിക്കാനും പ്രവാചകാനുയായികളെ ഭത്സിക്കാനും നടത്തുന്ന പാഴ്‌വേലകൾ കേരള മുസ്‌ലിം സമൂഹം ഇതിനകം തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽതന്നെ ചാനലുകാർക്ക് ഇയാൾ 'പ്രിയങ്കരനാ'കുന്നതിൽ അത്ഭുതമില്ല.**

ണ് ഇമാമുമാർ ചെയ്തിട്ടുള്ളത്. തങ്ങൾ പറഞ്ഞതിനെതിരായി പ്രവാചകന്റെ സ്വീകാര്യയോഗ്യമായ വചനം ലഭിച്ചാൽ തങ്ങൾ പറഞ്ഞത് തള്ളിക്കളയാനും പ്രവാചകവചനം സ്വീകരിക്കാനുമാണ് ഇമാമുമാർ പറഞ്ഞിട്ടുള്ളത്.

'ക്വുർആനിലെ 4:176ൽ മരിച്ച വ്യക്തിക്ക് മക്കൾ ഉണ്ടെങ്കിൽ സഹോദരങ്ങൾക്ക് സ്വത്തിൽ അവകാശമുണ്ടായിരിക്കില്ല എന്നുണ്ട്' എന്നാണ് അയാളുടെ മറ്റൊരു കണ്ടെത്തൽ! വിശുദ്ധ ഗ്രന്ഥത്തിന്റെ പേരിലുള്ള ശുദ്ധ കളവാണിത്. പ്രസ്തുത ആയത്ത് ഇതാണ്:

"നബിയേ, അവർ നിന്നോട് മതവിധി അന്വേഷിക്കുന്നു. പറയുക: കലാലത്തിന്റെ പ്രശ്നത്തിൽ അല്ലാഹു നിങ്ങൾക്കിതാ മതവിധി പറഞ്ഞുതരുന്നു. അതായത് ഒരാൾ മരിച്ചു; അയാൾക്ക് സന്താനമില്ല; ഒരു സഹോദരിയുണ്ട്. എങ്കിൽ അയാൾ വിട്ടേച്ചുപോയതിന്റെ പകുതി അവൾക്കുള്ളതാണ്. ഇനി (സഹോദരി മരിക്കുകയും) അവൾക്ക് സന്താനമില്ലാതിരിക്കുകയുമാണെങ്കിൽ സഹോദരൻ അവളുടെ (പൂർണ) അവകാശിയായിരിക്കും. ഇനി രണ്ട് സഹോദരികളാണുള്ളതെങ്കിൽ, അവൻ (സഹോദരൻ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്. ഇനി സഹോദരൻമാരും സഹോദരിമാരും കൂടിയാണുള്ളതെങ്കിൽ, ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരിയാണുള്ളത്. നിങ്ങൾ പിഴച്ചുപോകാതിരിക്കാൻ അല്ലാഹു നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചുതരുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു'' (4:176).

ഇതിലെവിടെയാണ് മക്കളുണ്ടെങ്കിൽ സഹോദരന് സ്വത്ത് കിട്ടില്ല എന്നുള്ളത്? മുസ്തഫ തെളിയിക്കട്ടെ! മരിച്ച വ്യക്തിക്ക് പെൺമക്കളും സഹോദരനും മാത്രമാണ് ജീവിച്ചിരിക്കുന്നത് എങ്കിൽ സ്വത്തിന്റെ ഒരു ഓഹരി സഹോദരന് ലഭിക്കും എന്ന മത നിയമമാണ് ഇയാളെ പ്രയാസപ്പെടുത്തുന്നത്. ഹദീസിൽ വ്യക്തമായി വന്ന കാര്യമാണിത്. ഹദീസിനെ തള്ളുന്ന ഇയാൾക്കെന്ത് മതം! ഈ നിയമം ക്വുർആൻ വിരുദ്ധമാണത്രെ! ഏത് ക്വുർആനാണ് ഇയാൾ പറയുന്നത്? അല്ലാഹുവിന്റെ ഗ്രന്ഥമായ ക്വുർആനിന് ഈ നിയമം എതിരല്ല. ശീഇകളുടെ കൈവശമുള്ള ജൂതന്മാർ കൈമാറിയ വ്യാജ ഏടുകളാണോ ക്വുർആൻ കൊണ്ട് അർഥമാക്കുന്നത്? അതാണെങ്കിൽ മുസ്‌ലിംകൾക്കത് ബാധകമല്ല.

വാസ്തവത്തിൽ വളരെയധികം തത്ത്വങ്ങൾ ഉൾക്കൊണ്ട ഒരു നിയമമാണിത്. ഇതിനെ എതിർക്കുന്നവരുടെ കുടിലതയും സ്വാർഥതയും ധനാർത്തിയും ഇവിടെ വ്യക്തമാണ്. തന്റെ കൂടെപ്പിറപ്പുകളുമായി പോലും യാതൊരുവിധ ബന്ധവും ഇഷ്ടപ്പെടാത്ത തനിച്ച കുടില മനസ്കർക്കല്ലാതെ ഈ വിശുദ്ധ നിയമത്തെ എതിർക്കാനാവില്ല,

തീർച്ച. പിതാവ് നഷ്ടമായ പെൺകുട്ടികൾക്ക് ഇനി പിതാവിന്റെ സ്ഥാനത്തുള്ളത് പിതൃവ്യന്മാരാണ്. ആ കുട്ടികളെ കല്യാണം വരേക്കും സംരക്ഷിക്കേണ്ടതും വിവാഹം ചെയ്ത് കൊടുക്കേണ്ടതും വിവാഹാനന്തരം പ്രശ്നമായി വീട്ടിൽ വന്നാൽ ശിഷ്ടകാലം സംരക്ഷിക്കേണ്ടതും പിതൃവ്യരാണ്. അവരാണ് പ്രസ്തുത മക്കളുടെ വലിയ്യുകൾ!

എന്നാൽ ആൺകുട്ടികൾ ആണെങ്കിൽ പിതൃവ്യന്മാർക്ക് സ്വത്ത് ലഭിക്കില്ല.കാരണം യതീമുകളായ അവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കേണ്ട ബാധ്യതയേ പിതൃവ്യന്മാർക്കുള്ളൂ. അതിനാവശ്യമായ ചിലവുകൾ യതീമുകളുടെ സമ്പത്തിൽനിന്ന് (ആണായാലും പെണ്ണായാലും) മാന്യമായത് എടുക്കാവുന്നതുമാണ്. ഇക്കാര്യം ക്വുർആൻ ഇപ്രകാരം ഉണർത്തുന്നു:

“അനാഥകളെ നിങ്ങൾ പരീക്ഷിച്ച് നോക്കുക. അങ്ങനെ അവർക്ക് വിവാഹപ്രായമെത്തിയാൽ നിങ്ങളവരിൽ കാര്യബോധം കാണുന്ന പക്ഷം അവരുടെ സ്വത്തുക്കൾ അവർക്ക് വിട്ടുകൊടുക്കുക. അവർ (അനാഥകൾ) വലുതാകുമെന്നത് കണ്ട് അമിതമായും ധൃതിപ്പെട്ടും അത് തിന്നു തീർക്കരുത്. ഇനി (അനാഥരുടെ സംരക്ഷണമേൽക്കുന്ന) വല്ലവനും കഴിവുള്ളവനാണെങ്കിൽ (അതിൽ നിന്ന് എടുക്കാതെ) മാന്യത പുലർത്തുകയാണ് വേണ്ടത്. വല്ലവനും ദരിദ്രനാണെങ്കിൽ മര്യാദപ്രകാരം അയാൾക്കതിൽനിന്ന് ഭക്ഷിക്കാവുന്നതാണ്. എന്നിട്ട് അവരുടെ സ്വത്തുക്കൾ അവർക്ക് നിങ്ങൾ ഏൽപിച്ചുകൊടുക്കുമ്പോൾ നിങ്ങളതിന് സാക്ഷിനിർത്തേണ്ടതുമാണ്. കണക്കു നോക്കുന്നവനായി അല്ലാഹുതന്നെ മതി” (4:6).

ആൺമക്കളും പെൺകുട്ടികളും ഉണ്ട് എങ്കിലും പിതൃവ്യന്മാർക്ക് സ്വത്ത് ലഭിക്കില്ല. കാരണം പെൺകുട്ടികളുടെ ആങ്ങളമാരാണ് അവരുടെ സംരക്ഷകർ. ഇനി, പിതാവ് രോഗിയായി കിടപ്പിലായി എന്ന് സങ്കൽപിക്കുക! ഇയാൾക്ക് പെൺമക്കൾ മാത്രമേയുള്ളൂ; അപ്പോഴും ഈ മക്കളെ സംരക്ഷിക്കേണ്ട ബാധ്യത പിതൃവ്യനുണ്ട്. മനുഷ്യബന്ധങ്ങൾക്ക് വില കൽപിച്ച മതമാണ് ഇസ്‌ലാം. മനുഷ്യബന്ധങ്ങൾക്ക് യാതൊരു വിലയും കൽപിക്കാത്ത, ‘ഞാനും എന്റെ കെട്ട്യോളും എന്റെ കുട്ട്യാളും’ എന്ന് മാത്രം ചിന്തിച്ച് തന്റെ പണം തന്റെ കൂടെപ്പിറപ്പുകൾക്കു പോലും ലഭിക്കുന്നത് സഹിക്കാത്ത ലുബ്ധന്മാർക്കല്ലാതെ ആർക്കാണീ നിയമത്തെ വിമർശിക്കാനാവുക?

സമ്പത്തിലെ ഓഹരികൾക്കപ്പുറം കുടുംബങ്ങൾക്കിടയിലെ ബന്ധങ്ങളെ ശക്തിപ്പെടുത്തുക എന്നതുകൂടി ശരീഅത്തിന്റെ താൽപര്യമാണ്. ഒരു ബാധ്യതയും ആരെയും മതം എൽപിച്ചിട്ടില്ല എന്നാണ് മുസ്ഥഫയുടെ കണ്ടെത്തൽ! പിന്നെ എന്തിനാണ് ഈ അനന്തരാവകാശ നിയമങ്ങളൊക്കെ? എന്താണ് ഈ ആയത്തുകളുടെ അർഥം? ഒരു ബാധ്യതയും ആർക്കും ആരോടും ഇല്ലെങ്കിൽ തോന്നിയവർക്ക് തോന്നിയ രൂപത്തിൽ സമ്പത്ത് ൽകിയാൽ മതിയല്ലോ? അല്ലാഹു പറയുന്നു: “രക്തബന്ധമുള്ളവർ അന്യോന്യം അല്ലാഹുവിന്റെ നിയമത്തിൽ മറ്റു വിശ്വാസികളെക്കാളും മുഹാജിറുകളെക്കാളും കൂടുതൽ അടുപ്പമുള്ളവരാകുന്നു” (33:6).

ബാധ്യതകൾ ഏറ്റെടുക്കാത്ത മനുഷ്യത്വമില്ലാത്തവർക്കുള്ളതല്ല ഇസ്‌ലാമിക നിയമങ്ങൾ എന്ന് ഉണർത്തട്ടെ! മരണപ്പെട്ട വ്യക്തിയുടെ കടം സഹോദരൻ ഏറ്റെടുക്കുമോ എന്നതാണ് ടിയാന്റെ മറ്റൊരു സന്ദേഹം! കടം വീട്ടിയിട്ടാണ് അനന്തരസ്വത്ത് ഭാഗിക്കേണ്ടത് എന്ന അടിസ്ഥാന വിവരമെങ്കിലും ഇമ്മാതിരി വിവരമില്ലായ്മ വിളിച്ചു പറയുന്നതിന് മുമ്പ് ഉണ്ടാവണം!

ജീവിച്ചിരിക്കുമ്പോൾ തന്റെ സഹോദരന് ഒരു പ്രയാസം വന്നാൽ സഹായിക്കുന്നത് പോലെ മരിച്ചാലും ചിലപ്പോൾ സഹായിക്കേണ്ടി വന്നേക്കാം. അതെല്ലാം മനുഷ്യർ പരസ്പരം ചെയ്യുന്നതാണ്. അതിലൊന്നും മുസ്‌ലിംകൾക്ക് ഇതുവരെ ഒരു പ്രയാസവും തോന്നിയിട്ടില്ല. സ്വാർഥത കാടുകെട്ടിയ ഹൃദയങ്ങളിലേക്ക് ഇതൊന്നും കയറാൻ സാധ്യതയില്ല.

ഭർത്താവ് മരിച്ച ഒരു പെണ്ണിന് കടം വീട്ടാൻ കഴിയാത്ത കഥയും ചർച്ചയിൽ ചിലർ ഉന്നയിച്ചു. പ്രസ്തുത സ്ത്രീ ശരീഅത്തിന്റെ അനീതിയുടെ ഇരയാണത്രെ! കടവും വസ്വിയ്യത്തും കഴിഞ്ഞിട്ടേ സ്വത്ത് ഓഹരി വെക്കാവൂ എന്ന് അനന്തരാവകാശവുമായി ബന്ധപ്പെട്ട ആയത്തുകളിൽ (4:11, 12) നാല് തവണ അല്ലാഹു ആവർത്തിച്ചു പറഞ്ഞതാണ്! കടം വീട്ടാതെ സ്വത്ത് ഓഹരിവച്ച് അവസാനം അലമുറയിടുന്നതിന് ശരീഅത്ത് എന്ത് പിഴച്ചു?

അനന്തരാവകാശത്തെ കുറിച്ച് അടിസ്ഥാനവിവരം പോലും ഇല്ലാത്തവരാണ് പലപ്പോഴും ചാനലുകളിൽ ഇരിക്കുന്നവരും ചർച്ചക്ക് വിളിക്കപ്പെടുന്നവരും എന്നതാണ് ശരി. താനൊരു ക്വുർആൻ വ്യാഖ്യാതാവാണെന്ന് മുസ്ഥഫ പലതവണ പറയുന്നുണ്ട്! ക്വുർആനിനെ വളച്ചൊടിച്ച് സർവമതസത്യവാദം (പുറത്ത് പറയുന്നത് സർവവേദ സത്യവാദം എന്ന്) സ്ഥാപിക്കുന്ന, ഹദീസുകളെ നിഷേധിക്കുന്ന, സ്വഹാബത്തിനെ തെറിവിളിക്കുന്ന, ശീഇസം കേരളത്തിൽ ഇറക്കുമതി ചെയ്യുന്ന, ശ്രീനാരായണ ഗുരുവിന്റെ ആദർശം സ്വീകരിച്ച, നവചേകനൂരാകാൻ വേഷം കെട്ടിയ ഇദ്ദേഹം തന്നെയാണ് അല്ലാഹുവിന്റെ ക്വുർആൻ വ്യാഖ്യാനിക്കേണ്ടത്! ഖവാരിജുകൾ മുതലുള്ള ക്വുർആൻ ദുർവ്യാഖ്യാനക്കാരുടെ പരമ്പരയിൽ തന്നെയാണ് ഇദ്ദേഹവും ഉള്ളത് എന്നതാണ് വസ്തുത. ശരീഅത്ത് വിഷയത്തിൽ താൻ സംവാദത്തിന് തയാറാണെന്നും പലവുരു പറയുന്നുണ്ട് കക്ഷി. ‘അരിമണിയൊന്നു കൊറിക്കാനില്ല, കരിവളയിട്ടു കിലുക്കാൻമോഹം’ എന്നു പറഞ്ഞതുപോലെയാണല്ലോ ഇത്!

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 42

# സൂറ: അശ്ശൂറാ

## (കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

وَجَزَٰٓؤُا۟ سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۖ فَمَنْ عَفَا وَأَصْلَحَ
فَأَجْرُهُۥ عَلَى ٱللَّهِ ۚ إِنَّهُۥ لَا يُحِبُّ ٱلظَّٰلِمِينَ ٤٠

وَلَمَنِ ٱنتَصَرَ بَعْدَ ظُلْمِهِۦ فَأُو۟لَٰٓئِكَ مَا عَلَيْهِم مِّن
سَبِيلٍ ٤١

إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ يَظْلِمُونَ ٱلنَّاسَ وَيَبْغُونَ فِى
ٱلْأَرْضِ بِغَيْرِ ٱلْحَقِّ ۚ أُو۟لَٰٓئِكَ لَهُمْ عَذَابٌ
أَلِيمٌ ٤٢

وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ ٱلْأُمُورِ
٤٣

وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِن وَلِىٍّ مِّنۢ بَعْدِهِۦ ۗ
وَتَرَى ٱلظَّٰلِمِينَ لَمَّا رَأَوُا۟ ٱلْعَذَابَ يَقُولُونَ
هَلْ إِلَىٰ مَرَدٍّ مِّن سَبِيلٍ ٤٤

40. ഒരു തിൻമയ്ക്കുള്ള പ്രതിഫലം അതുപോലുള്ള ഒരു തിൻമ തന്നെയാകുന്നു. എന്നാൽ ആരെങ്കിലും മാപ്പുനൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു. തീർച്ചയായും അവൻ അക്രമം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുകയില്ല.
41. താൻ മർദിക്കപ്പെട്ടതിനുശേഷം വല്ലവനും രക്ഷാനടപടി സ്വീകരിക്കുന്നപക്ഷം അത്തരക്കാർക്കെതിരിൽ (കുറ്റം ചുമത്താൻ) യാതൊരു മാർഗവുമില്ല.
42. ജനങ്ങളോട് അനീതി കാണിക്കുകയും ന്യായമില്ലാതെ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവർക്കെതിരിൽ മാത്രമെ (കുറ്റം ചുമത്താൻ) മാർഗമുള്ളൂ. അത്തരക്കാർക്ക് തന്നെയാകുന്നു വേദനയേറിയ ശിക്ഷയുള്ളതും.
43. വല്ലവനും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്നപക്ഷം തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു.
44. അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കിയോ അവന്ന് അതിനുശേഷം യാതൊരു രക്ഷാധികാരിയുമില്ല. ശിക്ഷ നേരിൽ കാണുമ്പോൾ ഒരു തിരിച്ചുപോക്കിന് വല്ല മാർഗവുമുണ്ടോ എന്ന് അക്രമകാരികൾ പറയുന്നതായി നിനക്ക് കാണാം.

40). ശിക്ഷയുടെ മൂന്ന് തലങ്ങളാണ് ഈ വചനത്തിൽ പരാമർശിക്കുന്നത്. ഇതിന് മൂന്ന് തലങ്ങളുണ്ട്: (നീതി), (ശ്രേഷ്ഠമായത്), (അക്രമപരമായത്). നീതിയുടെ തലമെന്നത് തിന്മയ്ക്ക് പകരം തത്തുല്യമായത് ചെയ്യുക. കൂടുകയോ കുറയുകയോ ചെയ്യാതെ ജീവനു ജീവൻ, എല്ലാ മുറിവിനും തത്തുല്യമായത്. ധനമാണെങ്കിൽ തുല്യമായ ധനം. ശ്രേഷ്ഠതയുടെ തലമെന്നത് തിന്മ ചെയ്തവന് വിട്ടുവീഴ്ച നൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുക എന്നതാണ്. അതാണ് അല്ലാഹു പറഞ്ഞത്: (ആരെങ്കിലും മാപ്പ് നൽകുകയും രഞ്ജിപ്പുണ്ടാക്കുകയുമാണെങ്കിൽ അവനുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു) അവന് അല്ലാഹു മഹത്തായ പ്രതിഫലം നൽകും, ധാരാളമായി.

എന്നാൽ വിട്ടുവീഴ്ചയ്ക്കും രഞ്ജിപ്പുണ്ടാക്കലിനുമെല്ലാം ചില നിബന്ധനകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. കുറ്റം ചെയ്തവൻ വിട്ടുവീഴ്ചക്ക് അർഹനല്ലാതിരിക്കുകയോ മതപരമായി അവന്റെ ശിക്ഷ നടപ്പിലാക്കേണ്ടതുമാണെങ്കിൽ അവിടെ വിട്ടുവീഴ്ച നിർദേശിക്കപ്പെട്ടിട്ടില്ല. വിട്ടുവീഴ്ച ചെയ്യുന്നവന്റെ പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയാണെന്ന് പറഞ്ഞാൽ തന്റെ ദാസന്മാരോട് അവനിഷ്ടപ്പെടുന്ന പ്രകാരം പ്രവർത്തിക്കുന്നവരോട് അതുപോലെ അല്ലാഹു പ്രതികരിക്കും. തനിക്ക് അല്ലാഹു ഏത് രൂപത്തിൽ വിട്ടുവീഴ്ച നൽകണമെന്നാണോ ആഗ്രഹിക്കുന്നത് അതുപ്രകാരം അവർക്കും വിട്ടുവീഴ്ച നൽകണം. തന്നോട് അല്ലാഹു കാണിക്കണമെന്നാഗ്രഹിക്കുന്ന വിശാലത അവരോട് കാണിക്കണം. പ്രതിഫലം പ്രവർത്തനത്തിന്റെ അതേ തരത്തിൽ തന്നെയായിരിക്കും.

എന്നാൽ അനീതിയുടെ തലം; അതിനെക്കുറിച്ച് അല്ലാഹു പറഞ്ഞത്: (അക്രമം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല) മറ്റുള്ളവരോട് ഒരു കാരണവുമില്ലാതെ അക്രമം കാണിക്കുന്നവർ, അല്ലെങ്കിൽ അക്രമം ചെയ്തവരോട് അവൻ ചെയ്ത കുറ്റത്തെക്കാൾ വർധിച്ച അനീതി ചെയ്യുന്നവർ.

41). (താൻ മർദിക്കപ്പെട്ടതിനുശേഷം വല്ലവനും രക്ഷാനടപടി സ്വീകരിക്കുന്നപക്ഷം) താൻ അക്രമിക്കപ്പെട്ടശേഷം അക്രമിച്ചവനെതിരെ രക്ഷാനടപടി സ്വീകരിച്ചവൻ. (അത്തരക്കാർക്കെതിരിൽ യാതൊരു മാർഗവുമില്ല) അതിൽ ഒരു കുറ്റവും ചുമത്താവതല്ല. (തങ്ങൾക്ക് വല്ല മർദനവും നേരിട്ടാൽ) എന്ന വചനവും (രക്ഷാനടപടി സ്വീകരിക്കുന്നവൻ) (താൻ അക്രമിക്കപ്പെട്ടതിനുശേഷം) എന്നീ വചനങ്ങളുമെല്ലാം അക്രമം അനിവാര്യമായും സംഭവിച്ചിരിക്കണം എന്നതിനെ അറിയിക്കുന്നു.

എന്നാൽ മറ്റൊരാളുടെമേൽ അക്രമം ഉദ്ദേശിച്ചാൽ അതായത് സംഭവിച്ചിട്ടില്ല എങ്കിൽ തുല്യമായ പ്രതിക്രിയ ചെയ്യാവതല്ല. മറിച്ച് അവനിൽനിന്നുണ്ടായ വാക്കിനും പ്രവൃത്തിക്കും ഒരു താക്കീത് നൽകലോ മര്യാദ പഠിപ്പിക്കലോ മാത്രമെ പാടുള്ളൂ.

42). (മാർഗമുള്ളത്) ശിക്ഷ നടത്താൻ മതം നിർദേശിക്കുന്നത്. (ജനങ്ങളോട് അനീതി കാണിക്കുകയും ന്യായമില്ലാതെ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവർക്കെതിരിൽ മാത്രമെ-കുറ്റം ചുമത്താൻ-മാർഗമുള്ളൂ). ജനങ്ങളോടുള്ള എത് അക്രമവും അനീതിയും ഇതിൽപെടും. ആ അക്രമം അവരുടെ രക്തത്തിലോ സമ്പത്തിലോ അഭിമാനത്തിലോ ഏതിലായാലും. (അത്തരക്കാർക്ക് തന്നെയാകുന്നു വേദനയേറിയ ശിക്ഷയുള്ളതും) അക്രമത്തിന്റെയും അനീതിയുടെയും കണക്കനുസരിച്ച് ഹൃദയത്തെയും ശരീരത്തെയും വേദനിപ്പിക്കുന്നു.

43). (വല്ലവനും ക്ഷമിക്കുകയും) ആളുകളിൽനിന്നും തനിക്ക് നേരിടേണ്ടിവരുന്ന ഉപദ്രവങ്ങളിൽ. (പൊറുക്കുകയും) അവരിൽനിന്ന് സംഭവിച്ച കാര്യത്തിൽ അവർക്ക് വിട്ടുവീഴ്ച നൽകുക. (തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു) അല്ലാഹു ഊന്നൽ നൽകുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് ഇതെല്ലാം. മാത്രവുമല്ല, മഹാഭാഗ്യവും ക്ഷമയും ഉള്ളവർക്കല്ലാതെ അത് സാധ്യമെല്ലന്നും അവനറിയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ നിർവഹിക്കാനാവുന്നത് മനക്കരുത്തും മനോദൃഢതയുമുള്ളവർക്ക് മാത്രമാണ്; അതുപോലെ ബുദ്ധിയും ഉൾക്കാഴ്ചയും ഉള്ളവർക്കും.

തനിക്കെതിരെ വരുന്ന വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉള്ള കാര്യങ്ങളിൽ രക്ഷാനടപടി ഉപേക്ഷിക്കുക എന്നത് ഏറെ പ്രയാസകരമായ കാര്യമാണ്. ആ ബുദ്ധിമുട്ടുകൾ സഹിക്കലും അതിന് വിട്ടുവീഴ്ച ചെയ്യലും നന്മകൊണ്ട് പ്രതിരോധിക്കലും അങ്ങേയറ്റം പ്രയാസകരമാണ്. എന്നാൽ സ്വന്തത്തോട് സമരം ചെയ്യുന്നവർക്കും അതിന് അല്ലാഹുവിന്റെ സഹായം തേടുന്നവർക്കും അല്ലാഹു എളുപ്പമാക്കിക്കൊടുത്തവർക്കും അത് നിഷ്പ്രയാസം ചെയ്യാനാവും. തുടർന്ന് ഒരാൾക്ക് അത് അതിന്റെ മധുരവും സദ്ഫലങ്ങളും ഹൃദയവിശാലതയും ആസ്വാദനവും അതിൽ അനുഭവപ്പെടുന്നു.

44). അല്ലാഹു ഇവിടെ പരാമർശിക്കുന്നത് സന്മാർഗത്തിലാക്കുന്നവനും വഴികേടിലാക്കുന്നവനും അവൻ മാത്രമാണെന്നാണ്. (അല്ലാഹു ഏതൊരാളെ വഴിപിഴപ്പിലാക്കിയോ അവന്) അവന്റെ അക്രമം കാരണം. (അതിനുശേഷം യാതൊരു രക്ഷാധികാരിയുമില്ല) അവനെ ഏറ്റെടുക്കുകയും സന്മാർഗത്തിലാക്കുകയും ചെയ്യുന്നവൻ. (ശിക്ഷ നേരിൽ കാണുമ്പോൾ അക്രമകാരികളെ നിങ്ങൾക്ക് കാണാം) പ്രയാസകരവും വഷളായതും മോശവുമായ കാഴ്ച, വമ്പിച്ച ഖേദം അവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവർക്ക് കഴിഞ്ഞുപോയതിലുള്ള ദുഃഖവും (ഒരു തിരിച്ചുപോക്കിന് വല്ല മാർഗവുമുണ്ടോ എന്ന് പറയുന്നവരായി) ഇഹലോകത്തേക്ക് മടങ്ങാൻ വല്ല വഴിയോ സൂത്രമോ ഉണ്ടോ എന്ന്. എങ്കിൽ ഞങ്ങൾ ഇതുവരെ ചെയ്യാത്ത പ്രവൃത്തികൾ ചെയ്യും. അസാധ്യവും അസംഭവ്യവുമായ കാര്യമാണ് അവർ ഇവിടെ ആവശ്യപ്പെടുന്നത്.




**ലൈംഗിക വളർച്ചക്കനുസരിച്ച് അതിന്റെ സംസ്കരണത്തിന് വിവാഹത്തോളം സുരക്ഷിതമായ മറ്റു മാർഗങ്ങൾ മുസ്‌ലിമിന്റെ മുമ്പിൽ ഇല്ല. അതിന്നു പ്രയാസം നേരിടുന്ന അവസ്ഥയിൽ വ്രതമനുഷ്ഠിക്കാനാണ് പ്രവാചകന്റെ കൽപന.**

# ലൈംഗിക വളർച്ചയും സംസ്കരണവഴികളും

**അശ്റഫ് എകരൂൽ**

**ചോദ്യങ്ങളെ നേരിടുക**

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അപരിമിതമായ മഞ്ഞലോകവും പ്രത്യാഘതങ്ങളെ ഒട്ടും  പരിഗണിക്കാത്ത ലിബറലിസത്തിന്റെ വ്യാപനവും തീർക്കുന്ന പരിസരങ്ങളിൽ വളർച്ചനേടുന്ന പുതിയ തലമുറ നേരത്തെതന്നെ ലൈംഗികമായ ബോധ്യങ്ങൾ ആർജിക്കുന്നുവെന്ന സത്യം മാതാപിതാക്കൾ മറന്നുകൂടാത്തതാണ്. മാത്രമല്ല, അവയൊന്നും മാതാപിതാക്കളടക്കമുള്ള മുതിർന്നവരുടെ മുമ്പിലും മറ്റുള്ളവരുടെ സാന്നിധ്യത്തിലും പ്രകടമാക്കാവതല്ലാത്ത സ്വകാര്യതകളാണെന്ന് പുതിയ തലമുറയിൽ പലരും കരുതുന്നേയില്ല! അതിനാൽതന്നെ ക്യാമ്പസുകളിലെയും സാമൂഹ്യമാധ്യമങ്ങളിലെയും ക്ലാസ്സ് മുറികളിലെയും ചർച്ചകളുടെയും ദൃശ്യാനുഭവങ്ങളുടെയും ബഹിർസ്ഫുരണങ്ങൾ വീട്ടിലും മതാധ്യാപകരുടെ മുമ്പിലും  പ്രകടമാവുക ഇന്ന് സ്വാഭാവികമാണ്.

ലൈംഗിക വിഷയത്തിലുള്ള സംശയങ്ങൾ, അത് എത്ര അപക്വമാണെങ്കിലും ശരി, അവയെ അവധാനതയോടെ നേരിടുകയെന്ന ഒരു പുതുദൗത്യംകൂടി ഇന്ന് രക്ഷിതാക്കൾക്കും മതാധ്യാപകർക്കുമുണ്ട്. അത്തരം ചോദ്യങ്ങളെ അത്ഭുതങ്ങളില്ലാതെ നേരിടാൻ രക്ഷിതാക്കൾ പാകപ്പെടേണ്ടതുണ്ട്. എന്റെ ശരീരവും സ്വത്വബോധവും തമ്മിൽ വൈരുധ്യം തോന്നിത്തുടങ്ങുന്നുണ്ടെന്നും അതിനാൽ ലിംഗമാറ്റ വിദഗ്ധനായ ഒരു ഡോക്ടറെ കണ്ടാൽ നന്നായിരുന്നെന്നും അങ്ങനെ പലർക്കും അനുഭവമുണ്ടായതിനാൽ മാറ്റം സാധ്യമാണെന്നും നമ്മുടെ മക്കളിലാരെങ്കിലും ഒരുദിനം നമ്മോടു പറഞ്ഞാൽ ഇന്നത്തെ അവസ്ഥയിൽ നാം ആശ്ചര്യത്തിന്റെ കണ്ണുരുട്ടലുകളിൽ അഭയം തേടരുതെന്നർഥം. ‘ആരോഗ്യകരമായ രതി’യെ കുറിച്ചു ചോദ്യങ്ങൾ വന്നേക്കാം, അതിന്റെ സ്വാഭാവികതകളിൽ അവർ ന്യായങ്ങൾ നിരത്തിയേക്കാം. അവിടങ്ങളിലെല്ലാം ശകാരംകൊണ്ട് വാതിലടക്കാതെ, ബഹുമാനക്കേട് പറഞ്ഞ് ഓടിയൊളിക്കാതെ  യുക്തിഭദ്രമായി നേരിടുകയാണ് വേണ്ടത്. ലൈംഗികത സ്വാഭാവികമായ ഒന്നാണെന്നും അത് ഉദ്ദേശിക്കുന്ന സമയത്ത് പരസ്പര സമ്മതത്തോടെ ആരുമായിട്ടും എവിടെവച്ചുമാകാം എന്നുമുള്ള ചിന്ത ലിബറലിസ്റ്റുകൾ യുവസമൂഹത്തിൽ വളർത്തിയെടുക്കാൻ ശ്രമിക്കുന്ന ഇക്കാലത്ത് നമ്മുടെ മക്കളുടെ കാര്യത്തിൽ നാം നല്ല ശ്രദ്ധാലുക്കളാകേണ്ടതുണ്ട്.. ഇവിടെയും  പ്രവാചകമാതൃക മനസ്സിലാക്കി നിലപാട് സ്വീകരിക്കുകയാണ് ഒരു മുസ്‌ലിം രക്ഷിതാവ് ചെയ്യേണ്ടത്.

ഇമാം അഹ്മദും ഇമാം ത്വബ്റാനിയും അബൂ ഉമാമ(റ)യിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിന്റെ ആശയം ഇങ്ങനെ വായിക്കാം: “ഒരിക്കൽ ഖുറൈശികളിൽ പെട്ട ഒരു ചെറുപ്പക്കാരൻ നബി(സ്വ)യുടെ തിരുസന്നിധിയിൽ വന്നുകൊണ്ട് പറഞ്ഞു: ‘അല്ലാഹുവിന്റെ ദൂതരേ, എനിക്ക് വ്യഭിചരിക്കാൻ അനുവാദം നൽകണം.’ ഇതു കേട്ട് പ്രകോപിതരായ ആളുകൾ (നബിയുടെ മുമ്പിൽ അനാദരവ് കാട്ടിയ ചോദ്യം കാരണം)

അയാൾക്കുനേരെ ഒച്ചയിട്ടുകൊണ്ടു നടന്നടുത്തു. അയാളെ നിശ്ശബ്ദനാക്കാൻ ഒരുമ്പെട്ടു. പ്രവാചകൻ(സ്വ) അതിൽനിന്ന് അവരെ വിലക്കുകയും (ആ ചോദ്യത്തിലെ നിഷ്കളങ്കത തിരിച്ചറിഞ്ഞ പ്രവാചകൻ) ചെറുപ്പക്കാരനോട് തന്റെ മുമ്പിലേക്ക് കൂടുതൽ അടുത്തു വരുവാൻ ആവശ്യപ്പെടും ചെയ്തു. എന്നിട്ട് നബി(സ്വ) ചോദിച്ചു: 'നീ ചോദിച്ച ആ കാര്യം നിന്റെ മാതാവിന്റെ വിഷയത്തിൽ നീ ഇഷ്ടപ്പെടുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ഒരിക്കലുമില്ല പ്രവാചകരേ.' നബി (സ്വ) പറഞ്ഞു: 'എന്നാൽ മറ്റു മനുഷ്യരും അവരുടെ മാതാക്കൾക്ക് ഇത് ഇഷ്ടപ്പെടുന്നില്ല.' നബി(സ്വ) വീണ്ടും ചോദിച്ചു: 'നിന്റെ മകളുടെ കാര്യത്തിൽ നീ ഇഷ്ടപ്പെടുന്നുണ്ടോ?' 'ഇല്ല പ്രവാചകരേ, ഒരിക്കലും' അദ്ദേഹം പറഞ്ഞു. 'എങ്കിൽ ഒരാളും അവരുടെ പെണ്മകൾക്ക് ഇത് ഇഷ്ടപ്പെടുന്നില്ല' നബി(സ്വ) പ്രതിവചിച്ചു. നബി(സ്വ) വീണ്ടും ചെറുപ്പക്കാരന് നേരെ ചോദ്യമെറിഞ്ഞു: 'നിന്റെ സഹോദരിക്ക് നീ ഇഷ്ടപ്പെടുന്നുവോ?' 'ഇല്ല, ഒരിക്കലുമില്ല.' 'എന്നാൽ ജനങ്ങളാരും അവരുടെ സഹോദരിമാർക്ക് ഈ മോശം കാര്യം ഇഷ്ടപ്പെടുന്നില്ല.' ചോദ്യവും ഉത്തരവും കാതും കരളും തുളച്ചുകയറും വിധം നബി(സ്വ) തുടർന്നുകൊണ്ടിരുന്നു; ചെറുപ്പക്കാരന്റെ പ്രതികരണവും. 'നിന്റെ പിതൃസഹോദരിമാർ ഈ മോശം കാര്യത്തിൽ പങ്കാളികളാകുന്നതിൽ നീ തൃപ്തനാണോ?' 'അല്ല.' 'മാതൃസഹോദരിമാരോ?' 'ഒരിക്കലുമില്ല.' 'എങ്കിൽ ഒരാളും അവരുടെ പിതൃസഹോദരിമാരോ മാതൃസഹോദരിമാരോ ഇത് ചെയ്യുന്നത് ഇഷ്ടപ്പെടുന്നില്ല.' ചെറുപ്പക്കാരന്റെ ഉള്ളം തെളിഞ്ഞു. തെറ്റ് തിരിച്ചറിഞ്ഞു. മനസ്സ് ശാന്തമായി. പക്ഷേ, ഗുണകാംക്ഷിയായ നബി(സ്വ) അവിടംകൊണ്ട് അവസാനിപ്പിച്ചില്ല. ചെറുപ്പക്കാരന്റെ നെഞ്ചിൽ പ്രവാചകന്റെ തണുത്ത കൈപ്പടം ചേർത്തുവെച്ചുകൊണ്ട് ഇങ്ങനെ പ്രാർഥിക്കുകകൂടി ചെയ്തു: 'അല്ലാഹുവേ, ഈ വ്യക്തിയുടെ ദോഷം നീ പൊറുത്തുകൊടുക്കേണമേ, അവന്റെ ഹൃദയത്തിന് നീ വിശുദ്ധി നൽകേണമേ, അവന്റെ ജനനേന്ദ്രിയത്തെ നീ വിമലീകരിക്കേണമേ.'



**ഇലക്ട്രോണിക് മാധ്യമങ്ങളുടെ അപരിമിതമായ മഞ്ഞലോകവും പ്രത്യാഘതങ്ങളെ ഒട്ടും പരിഗണിക്കാത്ത ലിബറലിസത്തിന്റെ വ്യാപനവും തീർക്കുന്ന പരിസരങ്ങളിൽ വളർച്ചനേടുന്ന പുതിയ തലമുറ നേരത്തെതന്നെ ലൈംഗികമായ ബോധ്യങ്ങൾ ആർജിക്കുന്നുവെന്ന സത്യം മാതാപിതാക്കൾ മറന്നുകൂടാത്തതാണ്. മാത്രമല്ല, അവയൊന്നും മാതാപിതാക്കളടക്കമുള്ള മുതിർന്നവരുടെ മുമ്പിലും മറ്റുള്ളവരുടെ സാന്നിധ്യത്തിലും പ്രകടമാക്കാവതല്ലാത്ത സ്വകാര്യതകളാണെന്ന് പുതിയ തലമുറയിൽ പലരും കരുതുന്നേയില്ല!**

എത്ര മഹത്തരം ഈ മാതൃക! എത്ര ഹൃദ്യമാണ് ഈ അപക്വതയുടെയും പക്വതയുടെയും സന്ധിക്കൽ! അയാൾ ഒരിക്കലും ആ തെറ്റിനെക്കുറിച്ച് ആലോചിക്കുക പോലും ചെയ്യാത്തവിധം നബി (സ്വ) വിഷയം കൈകാര്യം ചെയ്ത് ശ്രദ്ധിക്കുക.

### വിവാഹംതന്നെ പ്രതിരോധം

ലൈംഗിക സുരക്ഷക്കും സംസ്കരണത്തിനും ഇസ്‌ലാം പ്രകൃതിപരമായ ആത്യന്തിക പരിഹാരമായി മനുഷ്യവർഗത്തിന് മുമ്പിൽ സമർപ്പിക്കുന്ന ലളിതവും പ്രായോഗികവുമായ മാർഗം വിവാഹമാണ്. മലിനാത്മകമായ ലൈംഗിക കൊടുങ്കാറ്റിൽ മക്കൾ അശ്ലീലതയുടെ അഴുക്കിൽ കാലിടറി വീഴാതിരിക്കാൻ, ശാരീരികവും മനസികവുമായി വളർച്ച പ്രാപിച്ചു കഴിഞ്ഞാൽ മക്കളെ ഒട്ടും വൈകാതെ വിവാഹം ചെയ്യിക്കുക

യെന്നതാണ് മാതാപിതാക്കൾക്ക് മുമ്പിലുള്ള ഏറ്റവും ശക്തമായ പ്രതിരോധം.

ശാരീരികമോ സാമൂഹികമോ ആയ ആവശ്യപൂർത്തീകരണം എന്ന നിലയ്ക്ക് മാത്രമല്ല ഇസ്‌ലാം വിവാഹത്തെ കാണുന്നത്, മറിച്ച് ദൃഷ്ടിയുടെയും ജനനേന്ദ്രിയത്തിന്റെയും ഭൗതികവും ആത്മീയവുമായ സുരക്ഷയുടെ കവചമായിക്കൂടിയാണ്.

അബ്ദുല്ലാഹിബ്നു മസ്ഊദി (റ)ൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക; നബി(സ്വ) പറഞ്ഞു: “യുവാക്കളേ, വിവാഹത്തിനുള്ള പ്രാപ്തിയെത്തിയാൽ നിങ്ങൾ (ഒട്ടും വൈകാതെ) വിവാഹിതരാവുക. കാരണം (അനുവദനീയമല്ലാത്തതിൽനിന്ന്) ദൃഷ്ടി താഴ്ത്തുവാനും ലൈംഗികാവയവത്തെ സംരക്ഷിക്കുവാനും അത് ശക്തി നൽകും.”

നബി(സ്വ) പറഞ്ഞു: “നിങ്ങളുടെ മകൾക്ക് മതവിഷയത്തിലും സ്വഭാവത്തിലും തൃപ്തനായ ഒരാൾ വിവാഹാന്വേഷണം നടത്തി വന്നാൽ അവന്നു വിവാഹം ചെയ്തു നൽകുക, അല്ലാത്തപക്ഷം ഭൂമിയിൽ കുഴപ്പമുണ്ടാവുകയും വ്യാപകമായ അരാചകത്വമുണ്ടാവുകയും ചെയ്യും.”

മതബോധവും ഗുണകാംക്ഷയും നിലനിൽക്കുന്ന സമൂഹം മുസ്‌ലിം യുവതികൾക്കും യുവാക്കൾക്കും രക്ഷിതാക്കൾക്കും തത്‌വിഷയത്തിൽ തുണയും പ്രേരണയുമായി ഉണ്ടാകേണ്ടതുണ്ടെന്നാണ് വിശുദ്ധ ക്വുർആനിന്റെ ഉൽബോധനം. കാരണം കാര്യത്തിന്റെ കാതലും ഗൗരവവും തിരിച്ചറിയാത്ത യുവസമൂഹവും കാര്യബോധം കുറഞ്ഞ അളവിൽ മാത്രമുള്ള ചില രക്ഷിതാക്കളും സാമ്പത്തികവും മറ്റു നിസ്സാര ഭൗതിക സൗകര്യക്കുറവുകളും തടസ്സമായി പറഞ്ഞു വിവാഹം അനാവശ്യമായി നീട്ടിക്കൊണ്ട് പോകുന്നതിൽ മടിയില്ലാത്തവരാണ്.

അല്ലാഹു പറയുന്നു: “നിങ്ങളിലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽനിന്നും അടിമ സ്ത്രീകളിൽനിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിൽ ഏർപ്പെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ” (ക്വുർആൻ 24: 32).

വിശുദ്ധ ക്വുർആനിന്റെയും പ്രവാചകാധ്യാപനത്തിന്റെയും പ്രകാശം സ്വീകരിച്ചവർ ‘നാടോടുമ്പോൾ നടുക്കോടുന്ന’വരായിക്കൂടാത്തതാണ്. ലിബറൽ സമൂഹത്തെപോലെ മനുഷ്യജീവിതത്തിന്റെ അവസാനത്തെ അജണ്ടയല്ല വിവാഹം. അത് ഉത്തരവാദിത്തത്തിലേക്കുള്ള കാൽവയ്പാണ്. ശാരീരിക വളർച്ചയും മാനസിക ശക്തിയും സാമ്പത്തിക പ്രാപ്തിയും നിലനിൽക്കുന്ന ഒരു കുടുംബാംഗത്തിന്ന് പഠനം, ജോലി, പുതിയ വീട് തുടങ്ങിയവ തടസ്സവാദങ്ങളായി കൊണ്ടുവരാവതല്ല. വിവാഹത്തിന് ഇസ്‌ലാം പ്രായപരിധി നിശ്ചയിക്കാതിരുന്നത് തന്നെ അതിന്റെ ശാസ്ത്രീയതക്കും പ്രായോഗികതക്കും ഏറ്റവും വലിയ തെളിവാണ്. വിവാഹത്തിന് പാകപ്പെടുന്നത് കേവലം ജനനത്തീയതി അനുസരിച്ചല്ല. മറിച്ച് ശാരീരിക, മാനസിക വളർച്ചയുടെ തോതനുസരിച്ചുകൂടിയാണ്. സമയമായാൽ ഒട്ടും വൈകാതെ മുസ്‌ലിം യുവതീ യുവാക്കൾക്ക് വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാവുന്നതാണ്. (ജീവിക്കുന്ന ഇടങ്ങളിലെ നിയമം പരിഗണിക്കേണ്ടതില്ല എന്നല്ല ഇപ്പറഞ്ഞതിനർഥം). ഇന്ത്യയിൽ ആണിന് 21 വയസ്സും പെണ്ണിന് 18 വയസ്സുമാണ് വിവാഹ പ്രായമായി ഇപ്പോൾ നിലനിൽക്കുന്ന നിയമത്തിലുള്ളത്. മറ്റു രാജ്യങ്ങളിൽ ഏറിയും കുറഞ്ഞും നിലനിൽക്കുന്നുണ്ട്.

ചുരുക്കത്തിൽ, ലൈംഗിക വളർച്ചക്കനുസരിച്ച് അതിന്റെ സംസ്കരണത്തിന് വിവാഹത്തോളം സുരക്ഷിതമായ മറ്റു മാർഗങ്ങൾ മുസ്‌ലിമിന്റെ മുമ്പിൽ ഇല്ല. അതിന്നു പ്രയാസം നേരിടുന്ന അവസ്ഥയിൽ വ്രതമനുഷ്ഠിക്കാനാണ് പ്രവാചകന്റെ കൽപന. അമിതമായ ലൈംഗിക സമ്മർദങ്ങളിൽനിന്ന് ആശ്വാസം നേടാൻ വ്രതം മുസ്‌ലിമിന് സഹായകമാണ് എന്നർഥം.

**(തുടരും)**

**ലൈംഗിക സുരക്ഷക്കും സംസ്കരണത്തിനും ഇസ്‌ലാം പ്രകൃതിപരമായ ആത്യന്തിക പരിഹാരമായി മനുഷ്യവർഗത്തിന് മുമ്പിൽ സമർപ്പിക്കുന്ന ലളിതവും പ്രായോഗികവുമായ മാർഗം വിവാഹമാണ്. മലിനാത്മകമായ ലൈംഗിക കൊടുങ്കാറ്റിൽ മക്കൾ അശ്ലീലതയുടെ അഴുക്കിൽ കാലിടറി വീഴാതിരിക്കാൻ, ശാരീരികവും മനസികവുമായി വളർച്ച പ്രാപിച്ചു കഴിഞ്ഞാൽ മക്കളെ ഒട്ടും വൈകാതെ വിവാഹം ചെയ്യിക്കുകയെന്നതാണ് മാതാപിതാക്കൾക്ക് മുമ്പിലുള്ള ഏറ്റവും ശക്തമായ പ്രതിരോധം. ശാരീരികമോ സാമൂഹികമോ ആയ ആവശ്യപൂർത്തീകരണം എന്ന നിലയ്ക്ക് മാത്രമല്ല ഇസ്‌ലാം വിവാഹത്തെ കാണുന്നത്, മറിച്ച് ദൃഷ്ടിയുടെയും ജനനേന്ദ്രിയത്തിന്റെയും ഭൗതികവും ആത്മീയവുമായ സുരക്ഷയുടെ കവചമായിക്കൂടിയാണ്.**



# വേനൽക്കാലം; വേണം ചില കരുതലുകൾ

ഡോ. യാസ്മിൻ എം അബ്ബാസ്

നമ്മുടെ നാട്ടിൽ ചൂട് വളരെ കൂടുതലായി അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മെയ് മസങ്ങളിലാണ്. വേനൽക്കാലത്ത് ആരോഗ്യപരമായ പ്രശ്നങ്ങൾ വരാതിരിക്കാൻ തീർച്ചയായും നാം ചില മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. അന്തരീക്ഷ താപനില വളരെയധികം കൂടുന്നത് നമ്മുടെ ശരീരത്തെ പ്രതികൂലമായി ബാധിക്കാതിരിക്കൻ നമ്മൾ നമ്മുടെ ഭക്ഷണം, വ്യായാമം, ജോലി, വസ്ത്രധാരണം, വിശ്രമം തുടങ്ങിയ ജീവിത ശൈലികളിൽ കാര്യമായ മാറ്റങ്ങൾ ഈ കാലയളവിൽ വരുത്തേണ്ടതുണ്ട് .

ഭക്ഷണ കാര്യത്തിൽ നാം മനസ്സിലാക്കേണ്ട അടിസ്ഥാന പരമായ ഒരു കാര്യം, ദഹിക്കാൻ പ്രയാസമുള്ളതും കൂടുതൽ കലോറി അടങ്ങിയതുമായ മാംസാഹാരം, കൊഴുപ്പടങ്ങിയ ആഹാരങ്ങൾ, ഐസ്ക്രീം, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക്സ് തുടങ്ങിയവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്നതാണ്. ഇവ ദഹിപ്പിക്കുമ്പോൾ ശരീരം കൂടുതൽ ചൂട് ഉത്പാദിപ്പിക്കും. എന്നാൽ ജലാംശം ധാരാളം അടങ്ങിയതായ പഴവർഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ വേഗത്തിൽ ദഹിക്കുന്നത് കാരണം അവ ശരീരത്തിൽ ചൂട് ഉത്പാദിപ്പിക്കുന്നത് താരതമ്യേന കുറവായിരിക്കും. അതുകൊണ്ട് അതിനനുസരിച്ച് നമുക്ക് നമ്മുടെ ഭക്ഷണത്തെ ക്രമീകരിക്കാം. നിർജലീകരണം തടയാനായി ധാരാളം വെള്ളം കുടിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതിനായി വീട്ടിൽ ഡൈനിങ് ടേബിളിൽ കൂടിവെള്ളം വയ്ക്കുകയും പുറത്ത് പോകുന്നവർ ഒരു ബോട്ടിൽ വെള്ളം കൂടെ കൊണ്ടുപോകുന്നതുമെല്ലാം നല്ലതാണ്. ദാഹം ഇല്ലെങ്കിലും വെള്ളം കുടിക്കാൻ മറന്നുപോകാതിരിക്കാൻ ഇത് ഉപകരിക്കും. പ്രകൃതിദത്തമായ തേങ്ങാവെള്ളവും നാരങ്ങാവെള്ളം, മോരുവെള്ളം തുടങ്ങിയവയും വേനൽക്കാല ചൂടിനെ പ്രതിരോധിക്കാൻ വളരെയധികം സഹായകമാണ്.

പുറത്തുനിന്നുള്ള ഭക്ഷണം പരമാവധി ഒഴിവാക്കുക എന്നതാണ് ഈ കാലയളവിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. ശുദ്ധജലത്തിന്റെ അപര്യാപ്തതമൂലം മലിനജലം ഉപയോഗിക്കാൻ സാധ്യതയുള്ള സമയമാണിത്. അതുകൊണ്ട്തന്നെ ഭക്ഷ്യവിഷബാധ കാരണം ഉണ്ടാകാവുന്ന മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, ഛർദി, വയറിളക്കം തുടങ്ങിയ രോഗങ്ങളെ തടയാൻ കഴിവതും വീട്ടിലെ ഭക്ഷണം മാത്രം കഴിക്കുക. ശരീരത്തിന് കൂടുതൽ സുഖമുള്ള അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ഇളം നിറത്തിലുള്ള വസ്ത്രങ്ങളാണ് സൂര്യപ്രകാശത്തെ കൂടുതൽ ആഗിരണം ചെയ്യാതിരിക്കാൻ നല്ലത്.

11 മണി മുതൽ 3 മണിവരെയുള്ള വെയിൽ നേരിട്ട് അധികസമയം ഏൽക്കാതെ സൂക്ഷിക്കുക. അല്ലാത്തപക്ഷം ചൂടേറ്റുള്ള പൊള്ളൽ വരാൻ സാധ്യതയുണ്ട്. കുട്ടികളെ യാതൊരു കാരണവശാലും ഈ സമയത്ത് പുറത്ത് കളിക്കാൻ അനുവദിക്കരുത്. വിയർപ്പുമൂലം ഉണ്ടാകാനിടയുള്ള ത്വക്ക് സംബന്ധമായ പ്രശ്നങ്ങൾ ഒഴിവാക്കാൻ രണ്ടുനേരം കുളിക്കുന്നതും അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ മാത്രം ധരിക്കുന്നതും നല്ലതാണ്. വേനൽക്കാല രോഗങ്ങളായ ചിക്കൻപോക്സ്, മീസിൽസ്, ചെങ്കണ്ണ്, മൂത്രാശയ അണുബാധ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുകയും വേണ്ട ജാഗ്രത പാലിക്കുകയും ചെയ്യുക. ജനലുകൾ തുറന്നുവച്ച് വീടിനകത്ത് വായുസഞ്ചാരം ഉറപ്പുവരുത്തുക.

വർഷംതോറും വേനൽക്കാലത്തിന്റെ തീവ്രത കൂടിവരുന്നതിനാൽ നമ്മുടെ ചുറ്റുപാടുമുള്ള ഇതര ജീവജാലങ്ങളെയും നാം പരിഗണിക്കാൻ മറന്നുപോകരുത്. മുറ്റത്തും പറമ്പിലും വെള്ളം നിറച്ച പാത്രങ്ങൾ വച്ചുകൊടുക്കുകയാണെങ്കിൽ അത് നമ്മുടെ ചുറ്റുപാടുള്ള ജീവജാലങ്ങൾക്ക് ദാഹമകറ്റാൻ ഉപകരിക്കും. അത്തരം കാഴ്ചകൾ ഈ കാഠിന്യമേറിയ ചൂടിലും നമുക്ക് കൺകുളിർമ നൽകുന്നതായിരിക്കും.

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

SCHOOL OF Qur'an
READ. LEARN. EVOLVE

**2023-24 രജിസ്ട്രേഷൻ ആരംഭിച്ചു**



**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus, Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
18 MARCH 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

27 ാമത്

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം

# ക്വുർആൻ വിജ്ഞാന പരീക്ഷ

## 2023 ഏപ്രിൽ 6 വ്യാഴം

സിലബസ്

- സൂറ : അൽ ഫുർഖാൻ (അദ്ധ്യായം 25)
- സൂറ : അശ്ശുഅറാഅ് (അദ്ധ്യായം 26)

മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണത്തിൽ നിന്ന്

1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

Scan QR Code For Registration
guide.wisdomislam.org

പഠന ക്ലാസ്സുകൾക്ക് സന്ദർശിക്കുക..
WisdomGlobalTV

7560 902 902

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio